# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെഎസ്എ.കെടിഎം. പി.15/1219/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 06/10/2023
ഇ-മെയിൽ:
doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, കോട്ടയം

3) ഓഫീസ് കോപ്പി

നമ്പർ: കെഎസ്എ.കെടിഎം. പി.15/1219/2023 തീയ്യതി: 06/10/2023

## കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെട്ടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2022 മുതൽ 31-05-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-12-2022 മുതൽ 31-05-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 05-07-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സാബു സി ജോർജ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 26-06-2023 | 05-07-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 26-06-2023 | 05-07-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ഡാനിമോൾ കെ.ജെ., ഓഡിറ്റ് ഓഫീസർ

ശ്രീ.ഷാജിമോൻ പി.ബി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഉണ്ണികൃഷ്ണൻ എം., ഓഡിറ്റർ (ഹ.ഗ്രേ)
ശ്രീ.അഗസ്റ്റിൻ സി.തേവർകുന്നേൽ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഓമന ഗോപാലൻ | പ്രസിഡന്റ് | 01-04-2022 | 31-01-2023 |
| ശ്രീ. കുര്യൻ തോമസ് | പ്രസിഡന്റ് | 01-02-2023 | 28-02-2023 |
| ശ്രീമതി ശ്രീകല ആർ | പ്രസിഡന്റ് | 01-03-2023 | 31-03-2023 |
| ശ്രീ. സക്കീർ ഹുസൈൻ ഇബ്രാഹിം | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. സരള എ സി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01-04-2022 | 31-03-2023 |
| അശ്വതി വിജയൻ | അസി.ഡയറക്ടർ,കൃഷി | 01-04-2022 | 31-03-2023 |
| അനുകുമാരൻ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| നിഷാമോൾ എ വി | ഇൻഡസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ജാസ്മിൻ കെ | സി ഡി പി ഒ | 01-04-2022 | 31-03-2023 |
| ദയ പുരുഷോത്തമൻ | അസിസ്റ്റന്റ് എഞ്ചിനിയർ (എൽ.എസ്.ജി.ഡി) | 01-04-2022 | 09-10-2022 |
| ജയപ്രകാശ് ആർ | അസിസ്റ്റന്റ് എഞ്ചിനിയർ (എൽ.എസ്.ജി.ഡി) | 10-10-2022 | 31-03-2023 |
| ബേസിൽ മാത്യൂ | അസി.എക്സിക്യൂട്ടീവ് എൻജിനീയർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ശീർഷകത്തിലെ ആധികാരികതയും കൃത്യതയും വിശദീകരിച്ചിട്ടില്ല | 1-1-2 |
| 4 | ഗവൺമെന്റ്/അദർ ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-3 |
| 5 | ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത വ്യക്തമാക്കുന്ന അടിസ്ഥാന രേഖകൾ ലഭ്യമല്ല | 1-1-4 |
| 6 | ആസ്തികളുടെ മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ ആധികാരികത വ്യക്തമാക്കിയിട്ടില്ല | 1-1-5 |
| 7 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ. സൂക്ഷിച്ചിട്ടില്ല | 1-1-6 |
| 8 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-7 |
| 9 | അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-8 |
| 10 | വികസന ഫണ്ട് (ജനറൽ) - 259818/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു | 1-1-9 |
| 11 | വികസന ഫണ്ട് (എസ്.സി.എസ്.പി) - 75000/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു | 1-1-10 |
| 12 | സംരക്ഷണഗ്രാന്റ് (നോൺറോഡ്) - 24540/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു | 1-1-11 |
| 13 | ധനകാര്യ കമ്മീഷൻ (Tied) ഗ്രാന്റ് - 404520/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു | 1-1-12 |
| 14 | സീറോ ബാലൻസ് അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-13 |
| 15 | B-4 ഷെഡ്യൂളിലെ തുകകളിൽ വ്യത്യാസം നിലനിൽക്കുന്നു | 1-1-14 |
| 16 | ബജറ്റ് - വിശകലനം | 1-2 |
| 17 | സാമ്പത്തിക വിശകലനം | 1-3 |
| 18 | ഗ്രാന്റ് വിനിയോഗം | 1-4 |
| 19 | പദ്ധതി അവലോകനം | 1-5 |
| 20 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 21 | സാമൂഹ്യ സുരക്ഷാ പദ്ധതികൾ | 1-7 |
| 22 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 23 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 24 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 25 | വനിതാ സ്വയംതൊഴിൽ സംരംഭക ഗ്രൂപ്പുകൾക്ക് സബ്സിഡി നൽകൽ - നിർവ്വഹണത്തിലും മോണിറ്ററിങ്ങിലും ഗുരുതരമായ അപാകം | 1-11 |

| | | |
|---|---|---|
| 26 | ഭിന്നശേഷിയുള്ളവർക്ക് മുച്ചക്രവാഹനം നൽകൽ - ഗുണഭോക്താക്കളുടെ ഡ്രൈവിങ്ങ് ലൈസൻസ് ലഭ്യമായില്ല - മറ്റ് അപാകതകൾ | 1-12 |
| 27 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ | 1-13 |
| 28 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-14 |
| 29 | വനിതാ ഉല്പന്നവിപണനകേന്ദ്രം- പ്രോജക്ടുകൾ ലക്ഷ്യം കൈവരിച്ചിട്ടില്ല | 1-15 |
| 30 | തൻവർഷത്തെ ഇ-ടെണ്ടർ ഫീ ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് വരവ് വന്നിട്ടില്ല | 1-16 |
| 31 | GST – TDS ഫയലിംഗ് ചാർജ്ജിനത്തിൽ 24,000/- രൂപയുടെ ചെലവിൽ വ്യക്തതയില്ല | 1-17 |
| 32 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന ആളുകൾക്ക് അവരുടെ വീടിനോട് ചേർന്ന് പ്രത്യേക മുറി നിർമ്മിച്ച് നൽകൽ - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-18 |
| 33 | വീടുകളുടെ പുനരുദ്ധാരണം - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-19 |
| 34 | പൂർത്തീകരണ വിനിയോഗ വിവരങ്ങൾ ലഭ്യമല്ല | 1-20 |
| 35 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക ചെലവഴിച്ചത്- പ്രവൃത്തി പൂർത്തിയാക്കി വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല | 1-21 |
| 36 | ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-22 |
| 37 | പി.എം.എ.വൈ ഭവനനിർമ്മാണ പ്രോജക്ടുകളുടെ അവലോകനം | 1-23 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | സബ്സിഡി മാർഗരേഖയിൽനിന്ന് വ്യതിചലിച്ച് അധികമായി അനുവദിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 20.06.2023 തീയതിയിലെ 2 (1) തീരുമാനം പ്രകാരം അംഗീകരിച്ച് 22.06.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും**

ന്യായവുമായ ചിത്രം നൽകുന്നു.

**1-1-1 ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല**

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തി-ബാധ്യത നിർണ്ണയം നടത്തി കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം അക്കൗണ്ട് ചെയ്തിട്ടില്ല.

**1-1-2 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ശീർഷകത്തിലെ ആധികാരികതയും കൃത്യതയും വിശദീകരിച്ചിട്ടില്ല**

പ്രോജക്ട് അടിസ്ഥാനത്തിൽ വിവരങ്ങൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതായിരുന്നുവെങ്കിലും, Capital Work In Progress ശീർഷകത്തിലെ നീക്കിയിരിപ്പിന്റെയും മുന്നിരിപ്പിന്റെയും ക്രമീകരണങ്ങളുടെയും ആധികാരികതയും കൃത്യതയും വിശദീകരിച്ചിട്ടില്ല.

**1-1-3 ഗവൺമെന്റ്/അദർ ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല**

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

**1-1-4 ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത വ്യക്തമാക്കുന്ന അടിസ്ഥാന രേഖകൾ ലഭ്യമല്ല**

31/03/2023 തീയതിയിലെ ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത വ്യക്തമാക്കുന്ന അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

**1-1-5 ആസ്തികളുടെ മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ ആധികാരികത വ്യക്തമാക്കിയിട്ടില്ല**

I-17(a) ഷെഡ്യൂൾ പ്രകാരം ആസ്തികളുടെ മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ ആധികാരികത കാൽക്കുലേഷൻ ഷീറ്റിലൂടെ വ്യക്തമാക്കിയിട്ടില്ല.

**1-1-6 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ. സൂക്ഷിച്ചിട്ടില്ല**

ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ 31/03/2023-ൽ നിലനിൽക്കുന്നതും 2022-23 വർഷം ഇടപാടുകളുണ്ടായിരുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ. സൂക്ഷിച്ചിട്ടില്ല. പ്രസ്തുത ഗ്രാന്റുകളുടെ വിനിമയത്തിന്റെ ആധികാരികത വ്യക്തമല്ല. ആയതിനാൽ വാർഷിക ധനകാര്യ പത്രികയിലെ ബന്ധപ്പെട്ട ശീർഷകങ്ങളിലെ തുകയുടെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

**1-1-7 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല**

ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപ്പോസിറ്റ് തുകകളുടെ (B-7ഷെഡ്യൂൾ) വിശദാംശം രേഖപ്പെടുത്തി ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിന്റെ അഭാവത്തിൽ ലഭിച്ച ഡെപ്പോസിറ്റ് മുന്നിരിപ്പ് തൻവർഷ ഇടപാടുകൾ എന്നിവയുടെ ആധികാരികത വ്യക്തമല്ല.

**1-1-8 അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല**

ബ്ലോക്ക് പഞ്ചായത്തിൽ അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. 31/03/2023 തീയതിയിലെ ബാലൻസ് ഷീറ്റ് B-18 ലെ മുൻകൂർ തുകകളുടെ ആധികാരികതയും അക്കൗണ്ട് ശീർഷകങ്ങളിലെ മുന്നിരിപ്പിന്റെ കൃത്യതയും വ്യക്തമല്ല.

**1-1-9 വികസന ഫണ്ട് (ജനറൽ) - 259818/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു**

വികസന ഫണ്ട് - ജനറൽ ഇനത്തിൽ വാർഷിക ധനകാര്യ പത്രിക, സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് തുക 19095159/- രൂപയാണെങ്കിലും, ACR പ്രകാരമുള്ള ചെലവ് 19354977/- രൂപയായതിനാൽ 259818/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

**1-1-10 വികസന ഫണ്ട് (എസ്.സി.എസ്.പി) - 75000/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു**

വികസന ഫണ്ട് - എസ്.സി.എസ്.പി ഇനത്തിൽ വാർഷിക ധനകാര്യ പത്രിക, സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് തുക 4135081/- രൂപയാണെങ്കിലും, ACR പ്രകാരമുള്ള ചെലവ് 4210081/- രൂപയായതിനാൽ 75000/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

**1-1-11 സംരക്ഷണഗ്രാന്റ് (നോൺറോഡ്) - 24540/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു**

സംരക്ഷണഗ്രാന്റ് – നോൺറോഡ് ഫണ്ട് ഇനത്തിൽ ഇനത്തിൽ വാർഷിക ധനകാര്യ പത്രിക, സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് തുക 5701400/- രൂപയാണെങ്കിലും, ACR പ്രകാരമുള്ള ചെലവ് 5725940/- രൂപയായതിനാൽ 24540/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

**1-1-12 ധനകാര്യ കമ്മീഷൻ (Tied) ഗ്രാന്റ് - 404520/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു**

ACR പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് Tied ഇനത്തിൽ 5168230/- രൂപയും, Untied ഇനത്തിൽ 2695780/- രൂപയും ഉൾപ്പെടെ, ആകെ 7864010/- രൂപ ചെലവുണ്ടെങ്കിലും, സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് തുക 7459490/- രൂപയാണ് [Tied : 4763710/- & Untied : 2695780/-]. Tied ഇനത്തിൽ 404520/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

**1-1-13 സീറോ ബാലൻസ് അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല**

യൂണിയൻ ബാങ്കിൽ (Union Bank Of India) ആരംഭിച്ച സീറോ ബാലൻസ് അക്കൗണ്ട് (നം.720102010005740) വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. പണമിടപാടുകൾ ഇല്ലാത്ത ബാങ്ക് അക്കൗണ്ട് നിലനിർത്തിയിരിക്കുന്നതിൽ വ്യക്തതയില്ല.

**1-1-14 B-4 ഷെഡ്യൂളിലെ തുകകളിൽ വ്യത്യാസം നിലനിൽക്കുന്നു**

വാർഷിക ധനകാര്യ പത്രിക B-4 ഷെഡ്യൂളിലെ, '320100199-ഹെൽത്ത് ഗ്രാന്റ്' ഒഴികെയുള്ള വിവിധ തുകകളുടെ കൃത്യത പരിശോധിച്ച് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുകകൾ ഉൾപ്പെടെ വിവിധ ശീർഷകങ്ങളിലെ തുകകളിൽ വ്യത്യാസം നിലനിൽക്കുന്നതിനാൽ, പരിശോധിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-2 ബജറ്റ് - വിശകലനം**

2022-2023 വർഷത്തെ പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 28.03.2022 തീയതിയിലെ 01(1) -നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കും റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള വരവ്-ചെലവ് കണക്കും ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് സംക്ഷിപ്തം |
|---|---|

| | |
|---|---|
| മുന്നിരിപ്പ് | 1584108 |
| വരവ് | 272004499 |
| ആകെ | 273588607 |
| ചെലവ് | 271255128 |
| നീക്കിയിരിപ്പ് | 2333479 |

തൻവർഷത്തേയ്ക്കുള്ള ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 27.20കോടി രൂപയായിരിക്കെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പ്രകാരമുള്ള ആകെ വരുമാനം 5.35കോടി രൂപ മാത്രമാണ്. തൻവർഷത്തെ പ്രതീക്ഷിത ചെലവ് 27.12 കോടി രൂപ ആയിരിക്കെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പ്രകാരമുള്ള ആകെ ചെലവ് 6.25 കോടി രൂപ മാത്രമാണ്. ഇപ്രകാരം ബജറ്റ് തുകകളിൽ നിന്ന് താരതമ്യത്തിന് അതീതമായ വ്യതിയാനം നിലനിൽക്കുന്ന സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി വിപുലമായ തയ്യാറെടുപ്പുകളോടെ ക്രോഡീകരിച്ച് തയ്യാറാക്കുന്ന ബജറ്റ് രേഖ ധനവിനിയോഗ നിയന്ത്രണത്തിനും വിഭവസമാഹരണത്തിനുമുള്ള ശാസ്ത്രീയമായ ഒരു ഉപകരണം (Tool) എന്ന രീതിയിൽ ഒരു തരത്തിലും പ്രയോജനപ്പെടുന്നില്ല. കേവലം നിയമവ്യവസ്ഥയുടെ അനുവർത്തനത്തിനുമാത്രമായി ബജറ്റ് നടപടിക്രമങ്ങൾ ഏറ്റെടുക്കുന്ന പ്രവണത ഒഴിവാക്കപ്പെടേണ്ടതാണ്.

പ്രതീക്ഷിത വരവ് ചെലവുകളും മുൻവർഷങ്ങളിലെ യഥാർത്ഥ വരവ് ചെലവുകളും താരതമ്യം ചെയ്ത് തുടർ വർഷങ്ങളിൽ പരമാവധി വിഭവസമാഹരണവും, ലഭ്യമായ വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗവും ഉറപ്പുവരുത്തുന്നതിനുള്ള ആഭ്യന്തര നിയന്ത്രണ സംവിധാനമെന്ന നിലയിൽ, ബജറ്റ് കൂടുതൽ കൃത്യതയോടെ തയ്യാറാക്കേണ്ടതാണ്.

**1-3 സാമ്പത്തിക വിശകലനം**

**റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം**

| | |
|---|---|
| മുന്നിരിപ്പ് | 4,545,063 |
| ഓഡിറ്റ് വർഷത്തെ വരവ് | 68,140,485 |
| ആകെ | 72,685,548 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 64,566,986 |
| നീക്കിയിരിപ്പ് | 8,118,562 |

**ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം**

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 53,528,261 |
| ആകെ ചെലവ് | 62,594,653 |
| പ്രവർത്തന നഷ്ടം (Deficit) | (9,066,392) |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | 52,398 |
| അറ്റ പ്രവർത്തന നഷ്ടം | (9,118,790) |

**ഓഡിറ്റ് സംക്ഷിപ്തം**

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | 54,010 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7,892,823 |

## 1-4 ഗ്രാന്റ് വിനിയോഗം

ഓഡിറ്റ് വർഷത്തെ വിവിധയിനം സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിനിമയം, വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ (ACR), സുലേഖ ചെലവ് പത്രിക തുടങ്ങിയവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ക്രോഡീകരിച്ചത് ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് ഇനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് – ജനറൽ | 0 | 22224000 | 22224000 | 19095159 | 3128841 | 85.92% |
| വികസനഫണ്ട് – എസ്.സി.എസ്.പി | 0 | 4686000 | 4686000 | 4135081 | 550919 | 88.24% |
| വികസനഫണ്ട് – ടി.എസ്.പി | 0 | 3583000 | 3583000 | 3384834 | 198166 | 94.47% |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 6412037 | 6412037 | 4763710 | 1648327 | 74.29% |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 4098836 | 4098836 | 2695780 | 1403056 | 65.77% |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 0 | 6798000 | 6798000 | 5701400 | 1096600 | 83.87% |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 0 | 0 | 0 | 0 | 0 |

ഓഡിറ്റ് വർഷം സ്ഥാപനത്തിന്, ജനറൽ പർപ്പസ് ഫണ്ട് ഇനത്തിൽ 6312000/- രൂപയും, സംയുക്ത പദ്ധതി ഫണ്ടിനത്തിൽ 3054000/- രൂപയും ലഭ്യമായിട്ടുണ്ട്. ഓഡിറ്റ് വർഷം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ സ്ഥാപനത്തിന് 25,50,000/- ലഭ്യമായതിൽ, 6,11,683/- രൂപ ചെലവഴിച്ച്, 19,38,317/- രൂപ ബാലൻസ് നിലനിൽക്കുന്നു.

സർക്കാർ ഗ്രാന്റുകളുടെ വിനിമയം സംബന്ധിക്കുന്ന 2022-2023 -ലെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും വാർഷിക കണക്കുകളിലും, നിലനിൽക്കുന്ന വ്യത്യാസങ്ങൾക്കും അക്കൗണ്ടിങ്ങ് അപാകതകൾക്കും

(ഖ. 1-1-1 മുതൽ 1-1-14 വരെ) വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

സുസ്ഥിരമായ പ്രാദേശിക സാമ്പത്തിക വളർച്ചയുടെ പ്രഭവകേന്ദ്രങ്ങളായി തദ്ദേശഭരണസ്ഥാപനങ്ങളെ വികസിപ്പിക്കുക എന്നതാണ് പതിനാലാം പദ്ധതിയുടെ പൊതുസമീപനം. പിന്നോക്കവിഭാഗങ്ങൾ ഉൾപ്പെടെയുള്ള പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തെ പൂർണ്ണമായും ഉൾക്കൊള്ളുന്ന വികസനമാണ് ഇതിൽ ലക്ഷ്യമാക്കുന്നത്. വികസനപ്രക്രിയയിൽ ഒരാളും ഒഴിവാക്കപ്പെടുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്. ആഗോള സുസ്ഥിര വികസന ലക്ഷ്യങ്ങൾ നിശ്ചിത സമയത്തിനുമുമ്പ് തന്നെ കൈവരിക്കുകയെന്നതും പ്രധാനമാണ്. സമഗ്രമായ വികസന ഇടപെടലുകളിലൂടെ ജീവിത ഗുണമേന്മ വർദ്ധിപ്പിക്കുകയും തദ്വാരാ സംതൃപ്തവും സന്തോഷകരവുമായ ജീവിതം നയിക്കുന്നതിന് ജനങ്ങളെ പ്രാപ്തരാക്കുകയും ചെയ്യുക എന്നത് പദ്ധതിയുടെ അന്തിമ ലക്ഷ്യവുമാണ്. മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലേയ്ക്കായി സ.ഉ.(കൈ) 84/2022 /ത.സ്വ.ഭ.വ തീയതി 19.4.2022 പ്രകാരം തയ്യാറാക്കിയ മാർഗരേഖയുടെ അടിസ്ഥാനത്തിൽ 15-06-2022ൽ ചേർന്ന ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി 1-ാം നമ്പർ തീരുമാനപ്രകാരം 14-ാം പഞ്ചവത്സര പദ്ധതിയിലെ (2022-27) ആദ്യ വാർഷികപദ്ധതിയ്ക്ക് (2022-23) അംഗീകാരവും 18-03-2023ൽ ചേർന്ന കമ്മിറ്റി 2-ാം നമ്പർ തീരുമാനപ്രകാരം അന്തിമ അംഗീകാരവും നൽകിയിട്ടുണ്ട്. 05-03-2023ലെ 82898/22/DPC/DPO/KTM നമ്പർ ഉത്തരവു പ്രകാരം ഭേദഗതി നിർദ്ദേശങ്ങളോടെ വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ അന്തിമ അംഗീകാരം ലഭിക്കുകയും ചെയ്തു.

പദ്ധതി ആസൂത്രണപ്രക്രിയ ആരംഭിക്കുന്നതിന് മുന്നോടിയായി ഓരോ വർഷവും നവംബർ 1-ാം തീയതിയ്ക്കുമുമ്പ് നിലവിലുള്ള ആസൂത്രണ സമിതികൾ, ആവശ്യമെങ്കിൽ, പുന:സംഘടിപ്പിക്കേണ്ടതും ആസൂത്രണസമിതി തുടർച്ചയായി പ്രവർത്തിക്കുന്നുവെന്ന് ഭരണസമിതി ഉറപ്പാക്കേണ്ടതുമാണ്. പദ്ധതി ആസൂത്രണപ്രക്രിയ നടക്കുന്ന ഘട്ടത്തിൽ ആവശ്യാനുസരണവും അതിനുശേഷം കുറഞ്ഞത് മൂന്നുമാസത്തിലൊരിക്കലെങ്കിലും ആസൂത്രണസമിതി യോഗം ചേരേണ്ടതുമാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ 10.1.2022, 24.5.2022 എന്നീ തീയതികളിൽ മാത്രമാണ് 2022-23 വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട് ആസൂത്രണസമിതി യോഗം ചേർന്നിട്ടുള്ളതെന്ന് മിനിട്സ് വ്യക്തമാക്കുന്നു.

പദ്ധതി ആസൂത്രണ പ്രക്രിയ നടക്കുന്ന ഘട്ടത്തിൽ ഭരണസമിതിയുടെയും ആസൂത്രണസമിതിയുടെയും നിർദ്ദേശപ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യാനുസരണം യോഗം ചേരുകയും വാർഷികപദ്ധതി ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചശേഷം മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിട്ടർ ചെയ്യേണ്ടതുമാണ്. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നിർവഹണ പുരോഗതി അതത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടർ ചെയ്യേണ്ടതും കരാർ കാലാവധിയ്ക്കുള്ളിൽ പ്രവൃത്തി എസ്റ്റിമേറ്റിനനുസരിച്ച് പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. പ്രോജക്ടുകളുടെ ഗുണമേന്മ ഉറപ്പുവരുത്തുകയെന്നതും വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. എന്നാൽ 2022-23 വാർഷികപദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് രണ്ടുതവണ മാത്രമാണ്. പ്രോജക്ടുകളുടെ മോണിട്ടറിംഗ് ഫലപ്രദമായി നടത്തുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾ ജാഗ്രത പുലർത്തേണ്ടതാണ്.

ഉല്പാദനമേഖലയിൽ പൊതുവിഭാഗം വികസനഫണ്ട് വകയിരുത്തി കൃഷി, മൃഗസംരക്ഷണം,

ക്ഷീരവികസനം, മണ്ണ് സംരക്ഷണം, ഗ്രൂപ്പ് തൊഴിൽ സംരംഭങ്ങൾ തുടങ്ങിയ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നു. എന്നാൽ പട്ടികജാതി-പട്ടികവർഗ ഉപപദ്ധതികളുടെ കീഴിൽ ഉല്പാദനമേഖലയിൽ പ്രോജക്ടുകൾ ആവിഷ്കരിച്ചിരുന്നില്ല. വരുംവർഷങ്ങളിൽ പ്രസ്തുത ഉപപദ്ധതികളിൽ ഉല്പാദനമേഖലയിൽ കൂടുതൽ വളർച്ച നേടുന്നതിന് ഉതകുന്ന പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

കെട്ടിടനിർമ്മാണ പ്രോജക്ടുകളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ നിർമ്മാണം അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ്, പ്രോജക്ടിന്റെ ഭാഗമായുള്ള യന്ത്രസാമഗ്രികളുടെ സ്ഥാപനം എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പ്രോജക്ട് (ഏകവർഷം/ബഹുവർഷം) ആയി വേണം തയ്യാറാക്കേണ്ടത്. ഈ വ്യവസ്ഥയ്ക്ക് വിരുദ്ധമായി പ്രോജക്ടുകൾ ആവിഷ്കരിക്കുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

സ്വന്തം ആവശ്യങ്ങൾക്കുവേണ്ടി ശബ്ദമുയർത്താൻ കഴിയാത്തതും അടിസ്ഥാന അതിജീവന ആവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, സുരക്ഷിതമായ താമസസ്ഥലം, അടിസ്ഥാന വരുമാനം എന്നിവ ലഭിക്കാത്തവരും പരസഹായം ഇല്ലാതെ ദൈനംദിന ജീവിതം മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്തതുമായ അതിദരിദ്രരായ വ്യക്തികളെയും കുടുംബങ്ങളെയും കണ്ടെത്തി, അവർക്കായി വ്യക്തിഗത സൂക്ഷ്മതല പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കേണ്ടതുണ്ട്. ഈരാറ്റുപേട്ട ബ്ലോക്കിൽ നടത്തിയ സർവേയിൽ ആദ്യഘട്ടത്തിൽ 91 അതിദരിദ്ര കുടുംബങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കുന്ന അതിദരിദ്രർക്കുവേണ്ടിയുള്ള മൈക്രോപ്ലാനുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകേണ്ടതാണ്.

ജലവും ശുചിത്വവുമായി ബന്ധപ്പെട്ട സേവനങ്ങളുടെ സമ്പൂർണ്ണത ലക്ഷ്യമിടുന്ന ജല-ശുചിത്വ സേവനങ്ങൾക്കും ജല-ശുചിത്വ സേവനങ്ങൾ ഒഴികെയുള്ള വികസന-ക്ഷേമ പ്രവർത്തനങ്ങൾക്കും ആയി രണ്ടുഭാഗങ്ങൾ ഉൾപ്പെടുന്ന 15-ാം ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച് ഒരു ഉപപദ്ധതി തയ്യാറാക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് തൻവർഷം തയ്യാറാക്കിയിരുന്നില്ല. ശുചിത്വ-മാലിന്യ സംസ്കരണം ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലയിൽപ്പെടുന്നില്ലെങ്കിലും അതിനായി ഗ്രാമപഞ്ചായത്തുകളുമായി കൂടിയാലോചിച്ച് ബ്ലോക്ക് പഞ്ചായത്തിന് പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

<u>പദ്ധതിനിർവ്വഹണം</u>

അംഗീകാരം ലഭിച്ച 121 പ്രോജക്ടുകളിൽ 94 എണ്ണം തൻവർഷം നടപ്പാക്കിയിട്ടുണ്ട്. സുലേഖ പത്രിക പ്രകാരം വിവിധ സ്രോതസ്സുകളിൽ നിന്നായി വാർഷികപദ്ധതിയുടെ ആകെ ചെലവ് 48262050/- രൂപയാണ്. ചെലവ് 77%. ജില്ലാപഞ്ചായത്ത്, തനത്ഫണ്ട് എന്നീ ഇനങ്ങളിൽ ഭീമമായ തുകകൾ വകയിരുത്തിയതിനാൽ അടങ്കൽ ഉയരുകയും എന്നാൽ തദനുസൃതമായി തുക ലഭ്യമാകാതിരുന്നതുമാണ് ചെലവു ശതമാനം കുറയുന്നതിനിടയാക്കിയത്. ചെലവ് ശതമാനത്തിൽ വന്ന കുറവ് ഭരണസമിതിയുടെയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും സമഗ്രവിചിന്തനത്തിന് വിധേയമാക്കേണ്ടതാണ്.

| നിർവഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | | അടങ്കൽ | ചെലവ് | % |
|---|---|---|---|---|---|
| | ആസൂത്രണം ചെയ്തത് | നടപ്പാക്കിയത് | | | |
| സിഡിപിഒ | 3 | 3 | 1700000 | 1659299 | 97.61 |

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി | 42 | 28 | 68443218 | 18145860 | 26.51 |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 1700000 | 1500000 | 88.24 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 10 | 8 | 10098999 | 4680157 | 46.34 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 3 | 3 | 2995900 | 1274900 | 42.55 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 5525370 | 1771710 | 32.07 |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 1340000 | 1000000 | 74.63 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 55 | 44 | 27355629 | 17632328 | 64.46 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 2 | 2 | 600000 | 597796 | 99.63 |
| ആകെ | 121 | 94 | 119759116 | 48262050 | 40 |

**സഞ്ചിതനിധിയിലേയ്ക്ക് 4974526/- രൂപ തിരികെ എടുക്കപ്പെട്ടു**

പ്രോജക്ടുകൾ നടപ്പാക്കാത്തതിനാലും സമയബന്ധിതമായി ബില്ലുകൾ മാറാത്തതിനാലും ചുവടെ ചേർക്കുംപ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ട തുക |
|---|---|
| വികസന ഫണ്ട്-ജനറൽ | 3128841 |
| വികസന ഫണ്ട്-SCP | 550919 |
| വികസന ഫണ്ട്-TSP | 198166 |
| മെയിന്റനൻസ്ഗ്രാന്റ്-Non Road | 1096600 |
| **ആകെ** | 4974526 |

തുടർന്നുള്ള വർഷങ്ങളിൽ ലാപ്സായ തുക ക്യാരി ഓവർ വിഹിതമായി കിട്ടിയില്ലയെങ്കിൽ ഫണ്ടുകൾ

പൂർണ്ണമായി നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകുന്നുണ്ട്. കഴിയുന്നതും പ്രാവർത്തികമാക്കാവുന്നതും പ്രയോജനപ്രദവുമായ പ്രോജക്ടുകൾ തയ്യാറാക്കുകയും സമയബന്ധിതമായി പൂർത്തിയാക്കുകയും ചെയ്ത് ഫണ്ട് നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ വരും വർഷങ്ങളിൽ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ പ്രസ്തുത വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതി ഫണ്ടിന്റെ വിനിമയം ബ്ലോക്ക് പഞ്ചായത്തിന്റെ ധനകാര്യ പത്രികയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

## 1-7 സാമൂഹ്യ സുരക്ഷാ പദ്ധതികൾ

ക്ഷേമ പെൻഷൻ പദ്ധതികൾക്കായി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും ചെലവഴിച്ചിട്ടില്ല.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.06.2023 തീയതിയിൽ 3.15 പി എം-ന് ഹെഡ്ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. അന്നേദിവസം ക്യാഷ് വരവ് ഇല്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പണസംബന്ധമായും ബാങ്ക് ഇടപാടുകളുമായും ബന്ധപ്പെട്ട് ക്രമക്കേടുണ്ടാകാത്തവിധം നിയന്ത്രണങ്ങൾ ബാധകമാക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ സാമ്പത്തിക വിനിമയങ്ങൾ രേഖപ്പെടുത്തുന്നത് സാംഖ്യാ സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിദിന, പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ജീവനക്കാരുടെ ശമ്പളം, സേവനരേഖകൾ എന്നിവ കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. എന്നാൽ സ്ഥാപനത്തിന്റെ പ്രവർത്തനത്തിന്റെ കാര്യക്ഷമത വെളിപ്പെടുത്തുന്ന മറ്റ് പല സൂചകങ്ങളും വെളിപ്പെടുത്തുന്നത് ആഭ്യന്തരനിയന്ത്രണം ഫലപ്രദമായിരുന്നില്ലയെന്നാണ്. അവശ്യം സൂക്ഷിക്കേണ്ട ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

വാർഷിക കണക്കുകളുടെ അനുബന്ധമായി സൂക്ഷിക്കേണ്ട അടിസ്ഥാന രജിസ്റ്ററുകളും രേഖകളും സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കണക്കുകളുടെ ആധികാരികത ഉറപ്പാക്കാൻ സാധിക്കുന്നില്ല. 2022-23 വർഷം സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടിയിരുന്നതും എന്നാൽ സാക്ഷ്യപ്പെടുത്തി ലഭ്യമാക്കാത്തതുമായ രജിസ്റ്ററുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | രജിസ്റ്ററിന്റെ പേര് | ഉദ്ദേശ്യം |
|---|---|---|
| 1. | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് എ.സി.ആർ. | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗം നിരീക്ഷിക്കാൻ |
| 2. | ഡെപ്പോസിറ്റ് | ബ്ലോക്ക് പഞ്ചായത്തിലേക്ക് |

| | | |
|---|---|---|
| | രജിസ്റ്റർ | ലഭിക്കുന്ന വിവിധ നിക്ഷേപങ്ങളുടെ വിശദാംശം, വിനിയോഗം എന്നിവ നിരീക്ഷിക്കാൻ |
| 3. | സർക്കാർ ഡ്യൂസ് രജിസ്റ്റർ | സർക്കാരിലേക്കും മറ്റ് ഏജൻസികളിലേക്കും ഒടുക്കാനുള്ള തുകകളും അവയുടെ സമയബന്ധിത ഒടുക്കും ക്രമീകരിക്കുന്നതിന് |
| 4. | ആസ്തി രജിസ്റ്റർ | ബ്ലോക്ക് പഞ്ചായത്തിന്റെ സ്ഥാവര ജംഗമ വസ്തുക്കളുടെ മൂല്യവും ഇനവും |
| 5. | ക്യാപ്പിറ്റൽ വർക്ക് രജിസ്റ്റർ | പാർട്ട് ബിൽ, ഫൈനൽ ബിൽ ക്രമീകരണങ്ങൾക്ക് |
| 6. | അഡ്വാൻസ് രജിസ്റ്റർ | ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് നൽകുന്ന മുൻകൂറുകൾ ഡെപ്പോസിറ്റ് തുകകൾ എന്നിവയുടെ വിനിമയം |

തനതുഫണ്ട് ചെലവുകളുടെ വൗച്ചറുകൾക്കൊപ്പം മതിയായ രേഖകൾ ഇല്ല. ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും പ്രവർത്തനങ്ങൾ കൃത്യമായ ഏകോപനത്തോടെ നടപ്പിലാകുന്നില്ലയെന്നാണ് വ്യക്തമാകുന്നത്. സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണം പൊതുവെ മെച്ചമായിരുന്നില്ലയെന്നാണ് പരിശോധനയിൽ വ്യക്തമാകുന്നത്. ആഭ്യന്തരനിയന്ത്രണം കാര്യക്ഷമമാക്കുന്നതിന് ഉദ്യോഗസ്ഥ ഭരണസമിതി തലങ്ങളിൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.01.2014 – 24.01.2014 | 2008-09 മുതൽ 2012-13 വരെ | LBA(HQ)IV/8A-2060/55 തീയതി: 26.02.14 |
| പെർഫോർമൻസ് ഓഡിറ്റ് | 20.02.2023 | 01.04.2019മുതൽ 31.03.2021 വരെ | ലഭിച്ചിട്ടില്ല |

## 1-11 വനിതാ സ്വയംതൊഴിൽ സംരംഭക ഗ്രൂപ്പുകൾക്ക് സബ്സിഡി നൽകൽ - നിർവ്വഹണത്തിലും മോണിറ്ററിങ്ങിലും ഗുരുതരമായ അപാകം

പ്രധാന നിരീക്ഷണങ്ങൾ

- ഉൽപ്പാദന മേഖലയിൽ ഉൾപ്പെടുത്തി വകയിരുത്തിയ **10**ലക്ഷം രൂപ പൂർണ്ണമായി വിനിയോഗിച്ച് ഏറ്റെടുത്ത സംരംഭകത്വ വികസന പ്രോജക്ടിന്റെ നിർവ്വഹണത്തിൽ ഗുരുതരമായ പാളിച്ചകൾ

- സംരംഭകത്വ വികസനത്തിന് പ്രോത്സാഹനം നൽകുക എന്ന സവിശേഷമായ പഞ്ചവത്സര വികസന ലക്ഷ്യം അട്ടിമറിക്കപ്പെടുന്ന രീതിയിലുള്ള പ്രോജക്ട് നിർവ്വഹണം
- പ്രോജക്ട് പൂർത്തീകരണപത്രവും യൂണിറ്റ് അടിസ്ഥാനത്തിലുള്ള ഭൗതീകനേട്ട റിപ്പോർട്ടും ക്രോഡീകരിച്ചിട്ടില്ല. (മാർഗ്ഗരേഖ ഖണ്ഡിക 12.4ന്റെ ലംഘനം)
- മോണിറ്ററിങ്ങും വർക്കിങ്ങ് ഗ്രൂപ്പിന്റെ ഇടപെടലും തീർത്തും അപര്യാപ്തം.
- ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള സംരംഭകത്വ പ്രോജക്ടുകൾ വ്യക്തിഗത സംരംഭമായി പരിവർത്തനം ചെയ്യപ്പെടാനുള്ള റിസ്ക് നിലനിൽക്കുന്നു.
- നിർവ്വഹണ ഉദ്യോഗസ്ഥയുടെയും മോണിറ്ററിങ്ങ് സമിതിയുടേയും ഇടപെടലിന്റെ അഭാവം മൂലം യഥാസമയം കണ്ടെത്താത്ത അപാകതകൾ ശ്രദ്ധയിൽപ്പെട്ടത് ഓഡിറ്റ് വേളയിൽ മാത്രം
- പ്രവർത്തിക്കാത്ത സംരംഭത്തിന് സബ്സിഡി ഇനത്തിൽ അനുവദിച്ച 264,250/- രൂപയും പലിശയും ഓഡിറ്റ് ഇടപെടലിനെ തുടർന്ന് തിരികെ ഒടുക്കി.
- വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തിയ ഉൽപ്പാദനമേഖലാ പ്രോജക്ട് പ്രകാരമുള്ള വകയിരുത്തൽ/വിനിയോഗം സുസ്ഥിര വരുമാന വർദ്ധനവിന് സഹായകരമായില്ല.

<u>ഓഡിറ്റ് നിരീക്ഷണം</u>

(1) <u>പൊതുവിവരങ്ങൾ</u>

2022-23 സാമ്പത്തിക വർഷം ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിൽ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 59/23 വനിതാ സ്വയം തൊഴിൽ ഗ്രൂപ്പുകൾക്ക് സബ്സിഡി നൽകൽ പ്രോജക്ട് പ്രകാരം ആറ് വനിതാ ഗ്രൂപ്പുകൾക്ക് സബ്സിഡി ഇനത്തിൽ വികസനഫണ്ടിൽ നിന്നും 1,000,000/- രൂപ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വനിതാ ഗ്രൂപ്പിന്റെ പേര് | ഗ്രൂപ്പ് അംഗങ്ങൾ | അനുവദിച്ച സബ്സിഡി തുക (രൂ.) | ബിൽ നം./ തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1. | സമൃദ്ധി വനിതാ കർഷകസമിതി, മൂന്നിലവ് ഗ്രാമപഞ്ചായത്ത് | 1) ശ്രീമതി.ലിനി തോമസ്, പാറാംതോട്ടം, നരിമറ്റം<br>2) ശ്രീമതി.റെജി ബിജി, കുന്നത്ത് നരിമറ്റം<br>3) ശ്രീമതി.ലാലി മാത്യു, കുന്നത്ത്, നരിമറ്റം<br>4) ശ്രീമതി.റീന റിനോൾഡ്, അമ്മിയാനിക്കൽ, നരിമറ്റം | 129500 | 3/22-23/ 18.03.23 | ഉപ ഖണ്ഡിക (2) കാണുക |

| | | | | | | |
|---|---|---|---|---|---|---|
| | | | (നിലവിൽ മൂന്നിലവ് ഗ്രാമ പഞ്ചായത്ത് അംഗം)<br>5) ശ്രീമതി.ഷിജി റോജി, അമ്മിയാനിക്കൽ, നരിമറ്റം<br>6) ശ്രീമതി ജിജിമോൾ ഡൊമിനിക്, മൂത്തശ്ശേരിൽ, നരിമറ്റം<br>7) ശ്രീമതി ഷേർലി സെബാസ്റ്റ്യൻ, മൂത്തശ്ശേരിൽ, നരിമറ്റം | | | |
| | 2. | രുചി ഫുഡ്സ്, തലനാട് ഗ്രാമപഞ്ചായത്ത് | 1) ശ്രീമതി ശാന്തമ്മ രാധാകൃഷ്ണൻ, മുട്ടത്ത്, തലനാട്<br>2) ശ്രീമതി ലീലാമ്മ രാജു, മുട്ടത്ത്, തലനാട് | 125000 | 1/22-23/ 27.2.23 | ഉപ ഖണ്ഡിക (3), (4) എന്നിവ കാണുക |
| | 3. | പ്രതിഭ ടെയ്‌ലറിംഗ് യൂണിറ്റ്, തിടനാട് ഗ്രാമപഞ്ചായത്ത് | 1) ശ്രീമതി മേരിയമ്മ ജോർജ്, വെട്ടിക്കൽ, പാതാഴ<br>2) ശ്രീമതി.റ്റിനു ജോബി, വയലിൽ പാതാഴ<br>3) ശ്രീമതി.ഉഷാ വിനയൻ, കുറിഞ്ഞിത്തോട്ട്, പാതാഴ | 125000 | 1/22-23/ 27.2.23 | ഉപ ഖണ്ഡിക (4) കാണുക |

| | | | | | |
|---|---|---|---|---|---|
| | | 4) ശ്രീമതി പൊന്നമ്മ നാരായണൻ, വയമ്പൂർ, പാതാഴ | | | |
| 4. | ജീവൻശ്രീ & ജീവജ്യോതി, തലപ്പലം ഗ്രാമപഞ്ചായത്ത് | 1) ശ്രീമതി ജയന്തി കെ.നായർ, മണ്ണാത്തുകാട്ടിൽ<br>2) ശ്രീമതി ഇ.എം. സഫിയ, പീടികയ്ക്കൽ<br>3) ശ്രീമതി രാജിമോൾ, പനച്ചിക്കൽ<br>4) ശ്രീമതി വിനീത വിജയൻ, വടക്കേ വണ്ടനാനിക്കൽ<br>5) ശ്രീമതി ബിജിമോൾ, മണ്ണാത്തുകാട്ടിൽ<br>6) ശ്രീമതി.ഉഷ മണി, താന്നിക്കാട്ട്<br>7) ശ്രീമതി.മോളി സണ്ണി, നെടുമല<br>8) ശ്രീമതി.മഞ്ജു ജി, വെന്തപുരക്കൽ | 187500 | 1/22-23/ 27.2.23 | ഉപ ഖണ്ഡിക (5) കാണുക |
| 5 | 'ട്വിൻസ് ടെയ്‌ലറിംഗ്, പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത് | 1) ശ്രീമതി മനീഷ.എൻ.കെ, മരുതുത്തറയിൽ, പാതാമ്പുഴ<br>2) ശ്രീമതി അശ്വതി മുരളി, അള്ളുങ്കൽ, പാതാമ്പുഴ | 168750 | 2/22-23/ 13.03.23 | ഉപ ഖണ്ഡിക (6) കാണുക |

| | | | | | |
|---|---|---|---|---|---|
| 6 | നഭസ്സ് പിക്കിൾസ് & സ്നാക്സ് യൂണിറ്റ്, പൂഞ്ഞാർ ഗ്രാമപഞ്ചായത്ത് | 1) ശ്രീമതി രമ മോഹൻ, കൊട്ടാരത്തിൽ, പൂഞ്ഞാർ 2) കുമാരി അരുന്ധതി കെ.പി, കുന്നത്താമണ്ണൂർ, പൂളിക്കപ്പാലം, പൂഞ്ഞാർ | 264250 | 2/22-23/ 13.03.23 | സബ്സിഡി തുകയും പലിശയും തിരികെ ഒടുക്കി ഉപഖണ്ഡിക (7) കാണുക |

**(2) <u>ലോൺ തുകയും സബ്സിഡി തുകയും ബാങ്കിൽനിന്ന് പിൻവലിച്ചിട്ടും യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല.</u>**

സമൃദ്ധി വനിതാ കർഷകസമിതി മൂന്നിലവ് എന്ന യൂണിറ്റിന്റെ പ്രവർത്തനം സംബന്ധിച്ച് 01.07.2023 ൽ നടത്തിയ സ്ഥലപരിശോധനയിൽ സ്ഥാപനം നാളിതുവരെ ആരംഭിച്ചിട്ടില്ല എന്നു കണ്ടു.



**സ്ഥലപരിശോധനയിൽ കണ്ട തൽസ്ഥിതി**

സ്ഥാപനത്തിന്റെ മൂന്നിലവ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിലെ 4441 നമ്പർ അക്കൗണ്ടിൽ 30.05.2023 ൽ 8200/- രൂപ മാത്രമാണ് നീക്കിയിരിപ്പ്. ബാങ്കിൽനിന്ന് പിൻവലിച്ച ലോൺ തുകയും സബ്സിഡി തുകയും യൂണിറ്റിനുവേണ്ടി വിനിയോഗിച്ചതായി വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കുവാൻ അംഗങ്ങൾക്ക് സാധിച്ചില്ല. ഗ്രൂപ്പിന്റെ മിനിട്സ് ബുക്കിൽ ആഴ്ചയിൽ ഒരു ദിവസം പച്ചക്കറി വ്യാപാരം നടത്തുകയാണ് ലക്ഷ്യം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/03.07.23-ന് ഓഡിറ്റ്

വേളയിൽ മറുപടി ലഭ്യമാക്കിയിരുന്നില്ല. എന്നാൽ തുടർന്ന് 29.07.2023ൽ ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ ബി- 1185/23 നമ്പർ കത്തിനൊപ്പം ഉള്ളടക്കം ചെയ്തിരുന്ന ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസറുടെ മറുപടിയിൽ ഓഡിറ്റിലെ അപാകതകൾ പരിഹരിക്കുന്നതിന് സ്ഥാപനത്തിന് രേഖാമൂലം നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് നിർദ്ദേശാനുസരണമുള്ള ഫലപ്രദമായ ന്യൂനതാ പരിഹാര നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. ഈ സാഹചര്യത്തിൽ പ്രസ്തുത യൂണിറ്റിന് വേണ്ടി സബ്സിഡി ഇനത്തിൽ നൽകിയ 1,29,500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**(3) ഔദ്യോഗികരേഖകൾ പ്രകാരം വ്യക്തിഗതമായ യൂണിറ്റിന് ഗ്രൂപ്പ് സംരംഭം എന്ന നിലയിൽ സബ്സിഡി അനുവദിച്ചു.**

രുചി ഫുഡ്സ്, തലനാട് എന്ന യൂണിറ്റിന്റെ അപേക്ഷാഫോമിൽ യൂണിറ്റ് നടത്തുന്നതിനായി വാടകയ്ക്കെടുത്തതായി രേഖപ്പെടുത്തിയ തലനാട് ഗ്രാമ പഞ്ചായത്ത് മൂന്നാം വാർഡിൽ ആറാം നമ്പർ കെട്ടിടത്തിന്റെ വാടക ചീട്ട്, പഞ്ചായത്ത് ലൈസൻസ് (നമ്പർ JCI-21/2022-23/ 18.01.23), ഫുഡ്& സേഫ്റ്റി ലൈസൻസ് എന്നിവയിൽ ശ്രീമതി ശാന്തമ്മ രാധാകൃഷ്ണൻ, മുട്ടത്ത് എന്നയാളുടെ പേര് മാത്രമാണ് ഉള്ളത്. ഓഡിറ്റിന് മുൻപാകെ നേരിൽ ഹാജരായ ശ്രീമതി ശാന്തമ്മ രാധാകൃഷ്ണൻ വർഷങ്ങളായി തലനാട് പ്രദേശത്ത് കട നടത്തിയിരുന്നതായും കോവിഡ് പ്രതിസന്ധി മൂലം വ്യാപാരം ഉപേക്ഷിച്ചതായും നിലവിൽ പുതിയ സംരംഭം തുടങ്ങുന്നതായും അറിയിച്ചിട്ടുണ്ട്. ആകെ 158698/ രൂപയുടെ ബില്ലുകൾ മാത്രമാണ് യൂണിറ്റ് എന്ന പേരിൽ ഹാജരാക്കിയത്. യൂണിയൻ ബാങ്ക് ഈരാറ്റുപേട്ട ശാഖയിൽ നിന്നും സ്ഥാപനത്തിന് 18.03.2023ൽ ലോൺ അനുവദിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത ലോൺ അനുവദിക്കുന്നതിന് മുമ്പാണ് സബ്സിഡി അനുവദിച്ചിട്ടുണ്ട്. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/03.07.23 ന് ഓഡിറ്റ് വേളയിൽ മറുപടി ലഭ്യമാക്കിയിരുന്നില്ല. എന്നാൽ തുടർന്ന് 29.07.2023ൽ ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ ബി-1185/23 നമ്പർ കത്തിനൊപ്പം ഹാജരാക്കിയ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസറുടെ മറുപടിയിൽ സ്ഥാപനത്തിന്റെ സംരംഭക ചെലവിന് അനുസൃതമായ പ്രവർത്തനമൂലധന വിനിയോഗം പൂർത്തിയാകാത്തതിനാലാണ് ബില്ലുകൾ ലഭ്യമാക്കാത്തത് എന്നും അറിയിച്ചിട്ടുണ്ട്. ഗ്രൂപ്പിലെ രണ്ട് അംഗങ്ങളുടേയും പേരിൽ പഞ്ചായത്ത് ലൈസൻസിനുള്ള അപേക്ഷ നൽകിയിട്ടുണ്ട് എന്നും, FSSAI രജിസ്ട്രേഷൻ എടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട് എന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. നിലവിൽ വ്യക്തിഗത സംരംഭം എന്ന നിലയിൽ മാത്രം പ്രവർത്തനം ഏറ്റെടുത്തിട്ടുള്ളത് ഗ്രൂപ്പ് സംരംഭമാക്കി കൂടുതൽ കുടുംബങ്ങൾക്ക്/വ്യക്തികൾക്ക് വരുമാന ദായകമാക്കുന്നതിനുള്ള ഇടപെടലുകൾ നടത്തേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ഈ സാഹചര്യത്തിൽ പ്രസ്തുത യൂണിറ്റിന് വേണ്ടി സബ്സിഡി ഇനത്തിൽ നൽകിയ 125,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**(4) സബ്സിഡി മാർഗരേഖയിൽനിന്ന് വ്യതിചലിച്ച് തുക അനുവദിച്ചു.**

സബ്സിഡി മാർഗരേഖ സ.ഉ.(കൈ) നം.115/2022/ത.സ്വ.ഭ.വ.തീയതി 28..05.2022 ഖണ്ഡിക 6-5-4 പ്രകാരം സ്വയം തൊഴിൽ (സ്ത്രീകളുടെ മാത്രം ഗ്രൂപ്പ് സംരംഭങ്ങൾക്ക്) എല്ലാ വിഭാഗങ്ങൾക്കും നൽകാവുന്ന പരമാവധി സബ്സിഡി തുക 375000 (പ്രോജക്ട് ചെലവിന്റെ 75%) രൂപയാണ്. എന്നാൽ പ്രോജക്ട് ചെലവിന്റെ 75% എന്ന പരിധിയ്ക്കു വിധേയമായി തുക അനുവദിക്കുന്നതിനു പകരം അധികം തുക സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| യൂണിറ്റ് | പ്രോജക്ട് | സബ്സിഡി |
|---|---|---|

| | ചെലവ് | അർഹമായത് | അനുവദിച്ചത് | അധികം നൽകിയത് |
|---|---|---|---|---|
| പ്രതിഭ ടെയ്‌ലറിംഗ് യൂണിറ്റ്, തിടനാട് | 102355 | 76766 | 125000 | 48234 |
| രുചി ഫുഡ്സ്, തലനാട് | 158698 | 119024 | 125000 | 5976 |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/03.07.23 ന് ഓഡിറ്റ് വേളയിൽ മറുപടി ലഭ്യമാക്കിയിരുന്നില്ല. എന്നാൽ തുടർന്ന് ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ ബി-1185/23 നമ്പർ കത്തിനൊപ്പം ഉൾപ്പെടുത്തിയിരുന്ന ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസറുടെ മറുപടിയിൽ പ്രവർത്തന മൂലധന വിനിയോഗം പൂർത്തിയാക്കി ബില്ലുകൾ സമർപ്പിക്കുന്നതിന് സ്ഥാപനത്തിന് രേഖാമൂലം നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയിൽ നിന്ന് വ്യതിചലിച്ച് അധികമായി അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്. സബ്സിഡി മാർഗ്ഗരേഖ അധികരിച്ച് നൽകിയ 54010/- രൂപയുടെ (48234+5976) ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തന മൂലധന വിനിയോഗത്തിന്റെ വിശദാംശങ്ങൾ ലഭ്യമാകാത്തതിനാൽ നിരാകരിച്ച തുകയ്ക്ക് പുറമേയുള്ള 195990/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സംരംഭങ്ങൾ കുടുംബങ്ങൾക്കും/വ്യക്തികൾക്കും വരുമാന ദായകമായതിന്റെ വിശദാംശങ്ങൾ മോണിറ്ററിങ് കമ്മറ്റി റിപ്പോർട്ട് സഹിതം ലഭ്യമാക്കേണ്ടതാണ്.

**(5) ഫുഡ് മിക്സ് യൂണിറ്റിന്റെ വിപുലീകരണത്തിന് സബ്സിഡി അനുവദിച്ചു - അനുബന്ധരേഖകൾ ഹാജരാക്കിയില്ല.**

തലപ്പലം ഗ്രാമ പഞ്ചായത്തിൽ എഴാം വാർഡിൽ പ്രവർത്തിക്കുന്ന ജീവൻ ശ്രീ ജീവ ജ്യോതി അമൃതം ഫുഡ് മിക്സ് യൂണിറ്റിലെ അംഗങ്ങൾ തങ്ങളുടെ യൂണിറ്റ് വിപുലീകരിക്കുന്നതിന് മീനച്ചിൽ ഈസ്റ്റ് അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്ന് 17.02.23 ൽ ലോൺ തുക 300000/- രൂപ എടുത്തിട്ടുണ്ട്. അമൃതം ഫുഡ് മിക്സിനോടൊപ്പം കാലിത്തീറ്റ ഉല്പാദിപ്പിക്കുന്നതിന് സബ്സിഡി അനുവദിക്കുകയും 187500/- രൂപ 27.02.23 ൽ അക്കൗണ്ടിൽ ക്രെഡിറ്റാകുകയും ചെയ്തിട്ടുണ്ട്. 31.03.2023ൽ 4108/- രൂപ മാത്രമാണ് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ളത്. യൂണിറ്റ് വിപുലീകരണത്തിനായി തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. 04.07.2023 ൽ നടത്തിയ സ്ഥല പരിശോധനയിൽ പ്രോജക്ടിൽ പറഞ്ഞിട്ടുള്ള യന്ത്രസാമഗ്രികൾ വാങ്ങി സ്ഥാപിച്ചിട്ടില്ല എന്നും കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് നിലവിൽ പ്രവർത്തക്ഷമമാക്കിയിട്ടില്ല എന്നും കണ്ടു. മാത്രമല്ല അമൃതം ഫുഡ് മിക്സ് യൂണിറ്റ് പ്രവർത്തിക്കുന്ന കെട്ടിടത്തിൽ തന്നെ കാലിത്തീറ്റ നിർമ്മാണ യൂണിറ്റും പ്രവർത്തിപ്പിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഭക്ഷ്യ സംസ്കരണ യൂണിറ്റ് പ്രവർത്തിപ്പിക്കുന്ന കെട്ടിടത്തിൽ കാലിത്തീറ്റ നിർമ്മാണം പോലെയുള്ള യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് സാങ്കേതിക ഉപദേശം (ആരോഗ്യവകുപ്പ് FSSAI Etc) തേടിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/03.07.23 ന് ഓഡിറ്റ് വേളയിൽ മറുപടി ലഭ്യമാക്കിയിരുന്നില്ല. എന്നാൽ തുടർന്ന് 29.07.2023ൽ ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ ബി- 1185/23 നമ്പർ

കത്തിനൊപ്പം ഉൾപ്പെടുത്തിയിരുന്ന ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസറുടെ മറുപടിയിൽ സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും മെഷീനറിയുടേയും പ്രവർത്തന മൂലധന വിനിയോഗത്തിന്റേയും ബില്ലുകൾ ലഭ്യമാക്കുന്നതിന് സ്ഥാപനത്തിന് രേഖാമൂലം നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ന്യൂനതാ പരിഹാര നടപടികൾ ഫലപ്രദമായതിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത യൂണിറ്റിന് സബ്സിഡി ഇനത്തിൽ നൽകിയ 187500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**(6) <u>ആവശ്യമായ ബോധവൽക്കരണം നടത്താതെ തുക അനുവദിച്ചു.</u>**

ടിൻസ് ടെയ്‌ലറിംഗ്, പൂഞ്ഞാർ തെക്കേക്കര എന്ന യൂണിറ്റ് ഹാജരാക്കിയ രേകകൾ പ്രകാരം 35300/- രൂപ ചെലവഴിച്ച് രണ്ട് തയ്യൽ മെഷീനുകൾ വാങ്ങിയിട്ടുണ്ട്. യൂണിറ്റിനായി സജ്ജമാക്കിയതായി അറിയിച്ച ശ്രീമതി മനീഷ എൻ.കെ. എന്ന അംഗത്തിന്റെ വീടിന്റെ ഒരുമുറിയിൽ പുതിയ തയ്യൽ മെഷീനുകൾ സൂക്ഷിച്ചിട്ടുള്ളതായി 01.07.2023 ൽ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. ഈ സ്ഥലത്തേക്ക് വഴി സൗകര്യം ഇല്ലാത്തതും ടെയ്‌ലറിംഗ് യൂണിറ്റിന്റെ ഉപഭോക്താക്കൾക്ക് എളുപ്പത്തിൽ ചെന്നെത്തുന്നതിന് സാധ്യമല്ലാത്തതുമാണ്. കൂടാതെ, സബ്സിഡിയായി അനുവദിച്ച തുകയുടെ ബാക്കി ഭാഗം ബാങ്ക് ലോണിലേയ്ക്ക് ഒടുക്കിയതായി അറിയിച്ചിട്ടുണ്ട്. നിർവഹണോദ്യോഗസ്ഥൻ പ്രോജക്ട് നടത്തിപ്പ് വേളയിൽ നിർദ്ദിഷ്ട യൂണിറ്റ് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം കാണുകയും യൂണിറ്റിന്റെ മാർക്കറ്റിങ്ങ് സംവിധാനത്തിന്റെ ആവശ്യകത സംബന്ധിച്ച ബോധവൽക്കരണം നടത്തുകയും സബ്സിഡിയുടെ വിനിയോഗം എപ്രകാരമായിരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നുവെങ്കിൽ ഇത്തരം അപാകതകൾ കണ്ടെത്തി ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കാമായിരുന്നു. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/03.07.23 ന് ഓഡിറ്റ് വേളയിൽ മറുപടി ലഭ്യമാക്കിയിരുന്നില്ല. എന്നാൽ തുടർന്ന് 29.07.2023ൽ ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ ബി-1185/23 നമ്പർ കത്തിനൊപ്പം ഉൾപ്പെടുത്തിയിരുന്ന ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസറുടെ മറുപടിയിൽ ഓഡിറ്റ് പരാമർശത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ച് സ്ഥാപനം ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ശ്രീമതി. മനീഷ എൻ.കെ., താമസിക്കുന്ന വീട് ടെയ്‌ലറിംഗ് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് ഭൂമിശാസ്ത്രപരമായ കാരണങ്ങളാൽ തന്നെ ഫലപ്രദമല്ലാത്തതിനാൽ ഉചിതമായ സ്ഥലം കണ്ടെത്തി സ്ഥാപനം അടിയന്തിരമായി തുടങ്ങുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. സ്ഥാപനം നാളിതുവരെ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കാത്തതിനാൽ തയ്യൽ മെഷീനുകൾ വാങ്ങുന്നതിനായി ചെലവഴിച്ച 35300/- രൂപ കിഴിച്ച് 133450/- (168750- 35300) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**(7) <u>പരമാവധി സബ്സിഡിയിൽ അധികം തുക അനുവദിച്ചു - ഓഡിറ്റ് പരിശോധനയെ തുടർന്ന് 264250/- രൂപയും പലിശയും തിരികെ ഒടുക്കി - ഓഡിറ്റ് ഇംപാക്ട്</u>**

സബ്സിഡി മാർഗരേഖ സ.ഉ.(കൈ) നം.115/2022/ത.സ്വ.ഭ.വ.തീയതി 28..05.2022 ഖണ്ഡിക 6-5- 20 പ്രകാരം ഫുഡ് പ്രോസസിംഗ് യൂണിറ്റിന് ( എല്ലാ വിഭാഗം വനിത/പുരുഷ ഗ്രൂപ്പുകൾക്കും) അനുവദിക്കാവുന്ന പരമാവധി സബ്സിഡി 150000/- രൂപയാണ്. എന്നാൽ നഭസ്സ് പിക്കിൾസ് & സ്നാക്സ് യൂണിറ്റിന് 264250/- രൂപയാണ് അനുവദിച്ചത്. ഈരാറ്റുപേട്ട ബ്ലോക്ക് കോ-ഓപ്പറേറ്റീവ് അർബൻ സൊസൈറ്റിയിൽ നിന്ന് യൂണിറ്റ് ആരംഭിക്കുവാൻ 500000/- രൂപ (ലോൺ അക്കൗണ്ട് നമ്പർ 520) ലോൺ അനുവദിച്ചിരുന്നു. 01.07.2023 ൽ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസറുടെ

സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ യൂണിറ്റ് നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്ന് കണ്ടു. യൂണിറ്റിനുവേണ്ടി അസംസ്കൃത വസ്തുക്കൾ, ഉപകരണങ്ങൾ വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയിരുന്നില്ല. 30.06.2023 ൽ യൂണിറ്റ് അംഗമായ കുമാരി അരുന്ധതി കെ.പി., കുന്നത്താമണ്ണൂർ ഓഡിറ്റിന് മുൻപാകെ ഹാജരായി തനിക്ക് ജോലി ലഭിച്ചതിനാൽ നിലവിൽ ഗ്രൂപ്പിൽ പ്രവർത്തിക്കുന്നില്ല എന്ന് ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസറുടെ സാന്നിദ്ധ്യത്തിൽ വ്യക്തമാക്കുകയുണ്ടായി. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/03.07.23 ന് ഓഡിറ്റ് വേളയിൽ മറുപടി ലഭ്യമാക്കിയിരുന്നില്ല. എന്നാൽ തുടർന്ന് 29.07.2023ൽ ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ ബി-1185/23 നമ്പർ കത്തിനൊപ്പം ഉൾപ്പെടുത്തിയിരുന്ന ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസറുടെ മറുപടിയിൽ രണ്ട് അംഗങ്ങൾ മാത്രം ഉൾപ്പെട്ടിരുന്ന പ്രസ്തുത ഗ്രൂപ്പിലെ ഒരംഗമായ അരുന്ധതി കെ.പി.യ്ക്ക് ജോലി കിട്ടിയതിനാൽ ഗ്രൂപ്പ് സംരംഭമായി തുടരാൻ നിയമസാധുത ഇല്ല എന്ന് കണ്ടെത്തിയതിനാൽ അനുവദിച്ച സബ്സിഡി തുകയായ 264250/- രൂപ ഈരാറ്റുപേട്ട സബ് ട്രഷറിയിലെ 27.07.23 ലെ KL0137685072023244 നമ്പർ ചെലാൻ പ്രകാരവും സബ്സിഡി തുകയുടെ നാളിതുവരെയുള്ള പലിശയിനത്തിൽ 13220/- രൂപ KL0137680262023244 നമ്പർ ചെലാൻ പ്രകാരവും ഒടുക്കി ചെലാൻ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. ഇപ്രകാരമുള്ള വിശദീകരണത്തോടെയാണ് തുക തിരികെ ഒടുക്കിയെതെങ്കിലും ഓഡിറ്റിൽ നിന്നുള്ള അന്വേഷണവും തുക തിരികെ ഒടുക്കുന്നതിന് കാരണമായി എന്ന് വ്യക്തമാണ്. ശരിയായ മോണിറ്ററിങ്ങിന്റെയും സ്ഥല പരിശോധനയുടെയും അഭാവം മൂലമാണ് സബ്സിഡി കൈപ്പറ്റിയിട്ടും യൂണിറ്റ് പ്രവർത്തനക്ഷമമാകാത്തത് അധികൃതരുടെ ശ്രദ്ധയിൽപ്പെടാതിരുന്നത്. ഇക്കാര്യത്തിൽ മോണിറ്ററിങ്ങ് കമ്മിറ്റിയും നിർവ്വഹണ ഉദ്യോഗസ്ഥയും വീഴ്ച വരുത്തി.

**(8) <u>ഓഡിറ്റ് നിഗമനം/ശുപാർശകൾ</u>**

ഉൽപ്പാദനമേഖലയിൽ പ്രത്യേകിച്ചും വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയ സംരംഭകത്വ വികസന പ്രോജക്ട് എന്ന നിലയിൽ ഗ്രൂപ്പ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതായി അറിയിച്ചിട്ടുള്ള സംരംഭങ്ങൾ വരുമാനദായകമായ രീതിയിൽ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കാനുള്ള ഗ്രേഡിങ്ങ്, നിരന്തരമായ മോണിറ്ററിങ്ങ് എന്നീ പ്രക്രിയകൾ ഫലപ്രദമായി നിർവ്വഹിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥയും മോണിറ്ററിങ്ങ് സമിതിയും വിഴ്ച വരുത്തി. ഇക്കാരണത്താൽ പ്രോജക്ട് നിർവ്വഹണം എന്നത് സബ്സിഡിയുടെ വിതരണത്തിൽ മാത്രമായി പരിമിതപ്പെട്ടു. സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ കൈവരിക്കലും സ്ഥായിയായ വരുമാന വർദ്ധനവും ഉറപ്പാക്കാൻ സാധിക്കുന്ന വിധം ഉൽപ്പാദനമേഖലാ പ്രോജക്ടുകൾ ഏറ്റെടുക്കാൻ/നിർവ്വഹിക്കാൻ ശ്രദ്ധിക്കാവുന്നതാണ്. ഓഡിറ്റ് നിരീക്ഷണത്തിലെ ഓരോ ഉപഖണ്ഡികയിലും പരാമർശിച്ചിട്ടുള്ള ന്യൂനതകൾ പരിഹരിച്ചതിന്റെ വിശദാംശങ്ങൾ രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതും ഓരോ യൂണിറ്റുകളും ഗ്രൂപ്പ് അടിസ്ഥാനത്തിൽ പ്രവർത്തനക്ഷമമാകാത്ത പക്ഷം അനുവദിച്ചിട്ടുള്ള സബ്സിഡി തുക പലിശ സഹിതം തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## <u>1-12 ഭിന്നശേഷിയുള്ളവർക്ക് മുച്ചക്രവാഹനം നൽകൽ - ഗുണഭോക്താക്കളുടെ ഡ്രൈവിങ്ങ് ലൈസൻസ് ലഭ്യമായില്ല - മറ്റ് അപാകതകൾ</u>

ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 1 [2]/23.02.2023 നം. തീരുമാനം പ്രകാരം, ഭിന്നശേഷിയുള്ളവർക്ക് മുച്ചക്രവാഹനം നൽകൽ എന്ന പദ്ധതിയിൽ 'എട്ട്' ഗുണഭോക്താക്കളെ ഉൾപ്പെടുത്തി അംഗീകാരം നൽകുകയും, ജില്ലാ പഞ്ചായത്ത് മുഖേന ഏറ്റെടുക്കുന്ന സംയുക്ത പ്രോജക്ട്

പ്രകാരം ഗുണഭോക്താക്കൾക്കായി മുച്ചക്ര വാഹനം വാങ്ങുന്നതിന് ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്റ്റ് ഓഫീസറെ ചുമതലപ്പെടുത്തി തീരുമാനിക്കുകയും ചെയ്തു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം. | SOO 55/2022-23 |
| പ്രോജക്റ്റ് | ഭിന്നശേഷിയുള്ളവർക്ക് മുച്ചക്രവാഹനം നൽകൽ |
| ഫണ്ട് | വികസന ഫണ്ട് - ജനറൽ<br>അടങ്കൽ : 8,00,000/-<br>ചെലവ് : 8,00,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്റ്റ് ഓഫീസർ, സാമൂഹ്യനീതി വകുപ്പ് |
| ബിൽ നം. | 277/06.03.2023 : 3,04,866/-<br>278/06.03.2023 : 1,90,268/-<br>279/06.03.2023 : 3,04,866/- |
| കെൽട്രോൺ ഇൻവോയ്സ് നം. | P 144V/04.03.2023 : 3,04,866/-<br>P 145V/04.03.2023 : 3,04,866/-<br>P 146V/04.03.2023 : 1,90,268/- |

പ്രോജക്റ്റിലുൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളുമായി ഏർപ്പെട്ടിട്ടുളള കരാർ പ്രകാരം, വാഹനം കൈപ്പറ്റി '90' ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട ഗുണഭോക്താക്കൾ തങ്ങളുടെ ഡ്രൈവിംഗ് ലൈസൻസ് ഈരാറ്റുപേട്ട ICDS പ്രോജക്റ്റ് ഓഫീസർ മുൻപാകെ ഹാജരാക്കേണ്ടതുണ്ട്. എന്നാൽ ഗുണഭോക്താക്കൾ ഡ്രൈവിംഗ് ലൈസൻസ് ലഭ്യമായതിന്റെ രേഖകൾ ഓഡിറ്റ് തീയതി വരെ ഹാജരാക്കിയിട്ടില്ല. 'എട്ട്' ഗുണഭോക്താക്കളുടെയും ഡ്രൈവിംഗ് ലൈസൻസ് അടിയന്തിരമായി ലഭ്യമാക്കി ആയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ഇക്കാര്യം ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്.

<u>മറ്റ് അപാകതകൾ</u>

പദ്ധതിയുടെ ഭാഗമായി, ടി 'എട്ട്' ഗുണഭോക്താക്കളിൽ ശ്രീമതി. ഓമന. എസ്, കുന്നേൽ, അരുവിത്തുറ. പി. ഓ, കൊണ്ടൂർ, ഈരാറ്റുപേട്ട എന്നയാൾ KL-35-L-9410 നം. HERO DESTINY 125 STD മുച്ചക്രവാഹനം 11.04.2023 തീയതിയിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും കൈപ്പറ്റിയിട്ടുണ്ട്. തിടനാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ, SC1 -165/2023/24.01.2023 നം. സർട്ടിഫിക്കറ്റ് പ്രകാരം, ഗ്രാമ പഞ്ചായത്ത് വാർഡ് 2 -ൽ ഉൾപ്പെട്ട ശ്രീമതി.ഓമന.എസ്, ഭിന്നശേഷിയുള്ളവർക്കുള്ള മുച്ചക്ര വാഹനം (KL-35-E-9876), 2014 മാർച്ച് മാസത്തിൽ തിടനാട് ഗ്രാമപഞ്ചായത്തിൽ നിന്ന് കൈപ്പറ്റിയിട്ടുള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. ടി വാഹനം സംബന്ധിച്ച വിശദാംശങ്ങൾ പ്രോജക്റ്റ് ഫയലിൽ ലഭ്യമായിട്ടില്ല. ആയതിനാൽ, 2014 മാർച്ച് മാസത്തിൽ തിടനാട് ഗ്രാമ പഞ്ചായത്തിൽ നിന്ന് കൈപ്പറ്റിയ വാഹനം കൈമാറ്റം ചെയ്തിട്ടുണ്ടോയെന്നത് സംബന്ധിച്ചും, വാഹനം തിരികെ ബന്ധപ്പെട്ട സ്ഥാപനത്തിൽ തിരികെ ഏൽപ്പിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ചും, വാഹനത്തിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (01/03.07.2023) മറുപടി ലഭ്യമായിട്ടുണ്ട്. വീണ്ടും വാഹനം നൽകുന്നതിൽ

തിടനാട് ഗ്രാമ പഞ്ചായത്തിന് ആക്ഷേപമില്ലെന്ന് അറിയിച്ചിരുന്നതായും, 2014-ൽ നൽകിയ വാഹനം പലതവണ കേടുപാടുകൾ തീർത്താണ് ഉപയോഗിച്ചിരുന്നതെന്നും, വാഹനം കൈമാറ്റം ചെയ്തിട്ടില്ലെന്നും (2014-ലെ RC പകർപ്പ് മറുപടിയോടൊപ്പം ഹാജരാക്കിയിട്ടുണ്ട്), നിത്യതൊഴിൽ ചെയ്യുവാൻ സാധിക്കാതെ വരുമാനം നിലച്ച സാഹചര്യത്തിൽ വാഹനം അനുവദിച്ചുനൽകിയതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടിയിൽ പരാമർശിച്ചിരിക്കുന്നു. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗത്തിന് വേണ്ടിയുള്ള പ്രോജക്ട് എന്ന നിലയിൽ ലഭ്യമാക്കിയ മറുപടിയുടെ അന്തസത്ത ഓഡിറ്റിൽ അംഗീകരിക്കുന്നുണ്ടെങ്കിലും ഇപ്രകാരം മുച്ചക്രവാഹനം വീണ്ടും നൽകുന്നതിനുള്ള 15 വർഷം എന്ന സമയപരിധി പൂർത്തിയാക്കിയിട്ടില്ലാത്തതിനാലും അർഹരായ മറ്റ് ഗുണഭോക്താക്കൾക്ക് അവസരം നിഷേധിക്കപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമല്ലാത്തതിനാലും 2014-ൽ സർക്കാർ പദ്ധതിയുടെ ഭാഗമായി ശ്രീമതി.ഓമന.എസ് കൈപ്പറ്റിയ KL-35-E-9876 നം. മുച്ചക്രവാഹനത്തിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച് നിജസ്ഥിതിയിൽ അവ്യക്തതയുള്ളതിനാൽ, ഓഡിറ്റ് വർഷം KL-35-L-9410 നം. HERO DESTINY 125 STD മുച്ചക്രവാഹനത്തിനായുള്ള 1,00,000/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. തുടർനടപടികൾ പൂർത്തീകരിച്ച് രേഖാമൂലം വിവരം ഓഡിറ്റിനെ അറിയിക്കുകയും തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

കൂടാതെ ലൈസൻസ് സംബന്ധമായ രേഖകളുടെ അഭാവത്തിൽ പ്രോജക്ട് പ്രകാരമുള്ള ബാക്കി ചെലവും (700000/- രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-13 മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ**

**(എ) പ്രൊഫോർമ ഇൻവോയിസ് പ്രകാരം നൽകിയ മുൻകൂർ വിലയിൽ നിന്നും യഥാർത്ഥ വിലയിൽ വ്യത്യാസം - തുക അധികം നൽകി**

1. മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ട് നമ്പർ 44/23 - 'ഡയാലിസിസ്, ക്യാൻസർ രോഗികൾക്ക് മരുന്നും അനുബന്ധ സാമഗ്രികളും വാങ്ങൽ' പദ്ധതിയുടെ ഭാഗമായി മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും വാങ്ങുന്നതിനായി PRF5157 - 10.03.2023 പ്രൊഫോർമ, ട്രഷറി ബിൽ നമ്പർ 306/13.03.2023 എന്നിവ പ്രകാരം 130395/- രൂപ കേരള മെഡിക്കൽ സർവീസസ് കോർപറേഷന് മുൻകൂർ ആയി നൽകിയിട്ടുണ്ട്. മുഴുവൻ മരുന്നുകളും നിലവിൽ ലഭ്യമായിട്ടുണ്ട് (ടാക്സ് ഇൻവോയ്സ് നമ്പർ 5736/24.05.2023, പാലിയേറ്റീവ് സ്റ്റോക് രജിസ്റ്റർ പേജ് നമ്പർ-85) യഥാർത്ഥ ബിൽ പരിശോധിക്കുമ്പോൾ മരുന്നുകൾക്കായി നൽകിയ തുകയും ടാക്സ് ഇൻവോയ്സ് പ്രകാരമുള്ള വിലയും തമ്മിൽ വ്യത്യാസം കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മരുന്നിന്റെ പേര് | അളവ് | പ്രൊഫോർമ പ്രകാരമുള്ള നിരക്ക് | നൽകിയ തുക (ജി.എസ്.ടി ഉൾപ്പടെ) | യഥാർത്ഥ ബിൽ പ്രകാരമുള്ള അളവ് | യഥാർത്ഥ ബിൽ പ്രകാരമുള്ള നിരക്ക് | യഥാർത്ഥ ബിൽ പ്രകാരമുള്ള ആകെ വില | KMSCLന് അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| ERITHROPOIETIN (EPOFER 4000) | 770 | 151.20 | 130395 | 770 | 134.40 | 115907 | 14488 |

മുൻകൂർ നൽകിയ തുകയിൽ 14488/- രൂപ കേരള മെഡിക്കൽ സർവീസസ് കോർപറേഷന് അധികം നല്കിയിട്ടുള്ളതായാണ് കാണുന്നത്. തുക തിരികെ ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ

വിശദാംശം അറിയിക്കുവാനാവശ്യപ്പെട്ട് എൻക്വയറി (09/03.07.2023) നൽകിയിരുന്നു. അധികമായി ലഭിക്കേണ്ട 14488/- രൂപയുടെ മരുന്നുകൾ ആവശ്യകതയ്ക്കനുസരിച്ച് വിതരണം ചെയ്യാമെന്ന് കെ എം എസ് സി എൽ അറിയിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാവുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2. മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ഇടമറുക് സി എച്ച് സി മരുന്നു വാങ്ങൽ - പ്രോജക്ട് നമ്പർ 5/22-23 പദ്ധതിയുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിനായി PRF4180/03.02.2023, PRF5479/20.03.2023 നമ്പർ പ്രൊഫോർമ ഇൻവോയിസുകൾ, 249/24.02.2023, 355/25.03.2023 നമ്പർ ട്രഷറി ബില്ലുകൾ എന്നിവ പ്രകാരം 174896/- രൂപ കേരള മെഡിക്കൽ സർവീസസ് കോർപറേഷന് മുൻകൂർ ആയി നൽകിയിട്ടുണ്ട്. ടാക്സ് ഇൻവോയ്സ് നമ്പർ 4153/18.05.2023 & 4149/18.05.2023, ലോക്കൽ പർച്ചേസ് സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ-66 എന്നിവ പ്രകാരം ഓർഡർ ചെയ്ത മുഴുവൻ മരുന്നുകളും നിലവിൽ ലഭ്യമായിട്ടുള്ളതായി കാണുന്നു. എന്നാൽ കെ എം എസ് സി എൽ ലഭ്യമാക്കിയ യഥാർത്ഥ ബിൽ പരിശോധിക്കുമ്പോൾ മരുന്നുകൾക്കായി നൽകിയ തുകയും ടാക്സ് ഇൻവോയിസ് പ്രകാരമുള്ള വിലയും തമ്മിൽ വ്യത്യാസമുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മരുന്നിന്റെ പേര് | അളവ് | പ്രൊഫോർമ പ്രകാരമുള്ള നിരക്ക് | നൽകിയ തുക (ജി.എസ്.ടി ഉൾപ്പടെ) | യഥാർത്ഥ ബിൽ പ്രകാരമുള്ള അളവ് | യഥാർത്ഥ ബിൽ പ്രകാരമുള്ള നിരക്ക് | യഥാർത്ഥ ബിൽ പ്രകാരമുള്ള ആകെ വില | KMSCL ന് അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| INSUGEN-30/70 | 1500 എണ്ണം | 70.88 | 111636 | 1500 എണ്ണം | 62.69 | 98737 | 12899 |
| INSUGEN-30/70 | 850 എണ്ണം | 70.88 | 63260 | 850 എണ്ണം | 62.69 | 55951 | 7309 |

മുൻകൂർ നൽകിയ തുകയിൽ 20208/- രൂപ കേരള മെഡിക്കൽ സർവീസസ് കോർപറേഷന് അധികം നല്കിയിട്ടുള്ളതായി കാണുന്നു. തുക തിരികെ ഈടാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുള്ളതായി ഫയൽ പരിശോധിച്ചതിൽ കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (17/4.7.2023) മറുപടിയായി ബാക്കിയുള്ള തുകയ്ക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി കെ എം എസ് സി എൽ ന് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാവുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

**(ബി) ഇടമറുക് സി എച്ച് സി യ്ക്ക് മരുന്ന്/ഉപകരണങ്ങൾ വാങ്ങൽ - മരുന്നും ഉപകരണങ്ങളും പൂർണ്ണമായും ലഭ്യമായില്ല**

1. മെഡിക്കൽ ഓഫീസർ, ഇടമറുക് സി എച്ച് സി നിർവ്വഹണം നടത്തിയ ഡയാലിസിസ്, ക്യാൻസർ രോഗികൾക്ക് മരുന്നും അനുബന്ധ സാമഗ്രികളും വാങ്ങൽ പദ്ധതിയ്ക്കായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും മരുന്നും അനുബന്ധ സാമഗ്രികളും പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര്/ നം. | ഡയാലിസിസ്, ക്യാൻസർ രോഗികൾക്ക് മരുന്നും അനുബന്ധ സാമഗ്രികളും വാങ്ങൽ -44/23 |

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ<br>സി എച്ച് സി, ഇടമറുക് |
| അടങ്കൽ തുക | 1000000/-<br>(മെയിന്റനൻസ് ഫണ്ട്, റോഡിതരം) |
| ചെലവഴിച്ച തുക | 1000000/- |
| ബിൽ നം./ തീയതി/തുക | 103/23.11.22 – 4,37,291/-<br>141/22.12.2022– 99997/-<br>244/24.02.2023 –282761/-<br>306/13.03.2023 – 130395/-<br>305/13.03.2023 – 42588/-<br>332/20.03.2023 – 6968/- |

പദ്ധതിയുടെ ഭാഗമായി മരുന്നും അനുബന്ധ സാമഗ്രികളും വാങ്ങലിനായി 793663/- രൂപ കെ.എം.എസ്.സി.എൽ എന്ന സ്ഥാപനത്തിനും 206337/- രൂപ സപ്ലൈകോ മാവേലി മെഡിക്കൽ സ്റ്റോർ, പാലാ എന്ന സ്ഥാപനത്തിനും നൽകിയിട്ടുണ്ട്. എന്നാൽ സപ്ലൈകോയിൽ നിന്നുമുള്ള മരുന്നുകൾ മാത്രമാണ് പൂർണ്ണമായും ലഭ്യമായത്. മെഡിക്കൽ സർവീസസ് കോർപറേഷനിൽ നിന്നും മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകളും ഉപകരണങ്ങളും ഇതുവരെയും ലഭ്യമായിട്ടില്ല. ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതുപ്രകാരം ഇനിയും 312239/- രൂപയ്ക്കുള്ള മരുന്നും ഉപകരണങ്ങളും ലഭ്യമാകുവാനായുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/03.07.2023) മറുപടിയായി മരുന്നുകൾ ലഭ്യമാക്കുന്നതിനായി കെ എം എസ് സി എൽ ന് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് /നം. | ഇടമറുക് സി എച്ച് സി മരുന്ന വാങ്ങൽ – 5/22-23 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ<br>സി എച്ച് സി, ഇടമറുക് |
| അടങ്കൽ തുക | 1135000/-<br>(മെയിന്റനൻസ് ഫണ്ട്, റോഡിതരം) |
| ചെലവഴിച്ച തുക | 1135000/- |
| ബിൽ നം./തീയതി/തുക | 12/11.07.2022 – 1,84,350/-<br>73/28.10.2022 – 1,44,318/-<br>102/23.11.2022 – 68,091/-<br>97/19.11.2022 – 1,08,383/-<br>249/24.02.2023 – 4,25,479/-<br>355/25.03.2023 – 2,04,379/- |

മേൽ പ്രോജക്റ്റ് പ്രകാരം മരുന്ന് വാങ്ങൽ പദ്ധതിയ്ക്കായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. പദ്ധതിയുടെ ഭാഗമായി മരുന്ന് വാങ്ങലിനായി 1135000/- രൂപ കെ.എം.എസ്.സി.എൽ, പ്രധാനമന്ത്രി ജൻഔഷധി, കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, സപ്ലൈകോ മാവേലി മെഡിക്കൽ സ്റ്റോർ എന്നീ സ്ഥാപനങ്ങൾക്കായി നൽകിയിട്ടുണ്ട്. എന്നാൽ മെഡിക്കൽ സർവീസസ് കോർപറേഷനിൽ നിന്നും മുഴുവൻ തുകയ്ക്കുമുള്ള

മരുന്നുകൾ ഇതുവരെയും ലഭ്യമായിട്ടില്ല. ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതുപ്രകാരം ഇനിയും 78,277/- രൂപയുടെ മരുന്നുകളാണ് ലഭ്യമാകുവാനുള്ളത്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/04.07.2023) മറുപടി ലഭ്യമായില്ല. മരുന്ന് വാങ്ങലിനായി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് അധികമായി നൽകിയ 34,696/- രൂപ (14488+20208) ഉൾപ്പെടെ ആകെ 425,212/- രൂപയുടെ മരുന്നും ഉപകരണങ്ങളുമാണ് ഇനിയും ലഭ്യമാകുവാനുള്ളത്. ആയവ ലഭ്യമാകുന്നതുവരെ 425,212/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-14 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി (പ്രോജക്ട് നമ്പർ 78/23 ) എന്ന പ്രോജക്ട് പ്രകാരം ധനസഹായം കൈപ്പറ്റിയ ഏതാനും ഗുണഭോക്താക്കൾ പഠന മുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു. ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താക്കളുടെ വിവരം | കൈപ്പറ്റിയ തുക | ബിൽ നമ്പർ തീയതി |
|---|---|---|---|
| 1 | അനന്തു.റ്റി.പി തെക്കേക്കുറ്റ് മൂന്നിലവ് | 50000<br>75000 | 47/23/ 1.2.23<br>60/13.3.23 |
| 2 | അനീഷാമോൾ കെ.ആർ കൈതപ്പാറയിൽ തലനാട് | 50000<br>75000 | 47/1.2.23<br>71/ 28.3.23 |
| 3 | ദൃശ്യ കെ.ആർ, കാഞ്ഞിരക്കാട്ട് തീക്കോയി | 50000 | 49/9.2.23 |
| 4 | ആദിത്യൻ അനീഷ് നെല്ലിയാനിക്കുന്നേൽ തലപ്പലം | 50000<br>75000 | 55/2.3.23<br>75/29.3.23 |
| 5 | അനഘ മധു മഞ്ചപ്ലാക്കൽ തലപ്പലം | 50000 | 60/13.3.23 |
| 6 | വർഷ വിനയൻ കുറിഞ്ഞിത്തോട് തിടനാട് | 50000<br>75000 | 62/15.3.23<br>65/24.3.23 |
| 7 | സാന്ദ്രാ സുരേഷ് പുത്തൻപുരയിൽ പ്ലാശനാൽ | 50000<br>75000 | 66/24.3.23<br>73/28.3.23 |
| 8 | സാനന്ദ് സജിമോൻ പുളിക്കീഴിൽ തലപ്പലം | 50000 | 342/ 22.3.23 |

1) ക്രമ നമ്പർ (6) ലെ വർഷ വിനയൻ കുറിഞ്ഞിത്തോട് ഹാജരാക്കിയ കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരം Dr. Korippa Budiness School Bangalore North എന്ന സ്ഥാപനത്തിൽ MBA യ്ക്ക് പഠിക്കുന്ന വിദ്യാർത്ഥിനിയാണ്. ക്രമ നമ്പർ (7) ലെ സാന്ദ്രാ സുരേഷ് പുത്തൻപുരയിൽ ഹാജരാക്കിയ കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരം ശ്രീ അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റെസിഡെൻഷ്യൽ

സ്പോർട്സ് സ്കൂൾ വെള്ളായണി തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ പഠിക്കുന്ന വിദ്യാർത്ഥിനിയാണ്. ഇപ്രകാരം വിദൂരസ്ഥമായ സ്ഥലങ്ങളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന നിലയിൽ അധികമായി നിർമ്മിക്കുന്ന മുറി പ്രയോജനപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

2) മേൽ പ്രസ്താവിച്ച (8) ഗുണഭോക്താക്കളും പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6/22-23/ 03.07.23 ന് ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്ട് 2023-24 വർഷം സ്പിൽ ഓവറായി നടന്നുവരുന്നു എന്ന് അറിയിച്ചിട്ടുണ്ട്. പ്രോജക്ട് പൂർത്തീകരിക്കുന്ന മുറയ്ക്ക് വിശദാംശങ്ങൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. ക്രമ നമ്പർ (1), (2) എന്നിവ പ്രകാരം ആവശ്യപ്പെട്ട വിശദീകരണം മറുപടിയിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കാത്തതിനാലും മറ്റ് അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാത്തതിനാലും 8 ഗുണഭോക്താക്കൾക്കായി ചെലവഴിച്ച 775000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-15 വനിതാ ഉല്പന്നവിപണനകേന്ദ്രം- പ്രോജക്ടുകൾ ലക്ഷ്യം കൈവരിച്ചിട്ടില്ല**

| പ്രോജക്ട് നമ്പർ | S 73/23 | S 56/23 |
|---|---|---|
| പ്രവൃത്തിയുടെ പേര് | പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത്- ഇടമല വനിതാ ഉല്പന്നവിപണനകേന്ദ്രം- പൂർത്തീകരണം | തിടനാട് ഗ്രാമപഞ്ചായത്ത്- കൊണ്ടൂർ വനിതാ ഉല്പന്നവിപണനകേന്ദ്രം- നിർമ്മാണം |
| ധനസ്രോതസ് | വികസനഫണ്ട്- പട്ടികവർഗ ഉപപദ്ധതിവിഹിതം- | പൊതുവിഭാഗം (സാധാരണവിഹിതം) |
| അടങ്കൽ | 2ലക്ഷം | 5ലക്ഷം |
| ചെലവ് | 2ലക്ഷം | 5ലക്ഷം |
| ബിൽ നം./ തീയതി | 64/31.03.2023 | 46/22.03.2023 |
| പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ടത് | വനിതാ ഉല്പന്ന വിപണനകേന്ദ്രം- കെട്ടിടത്തിന്റെ പ്ലാസ്റ്ററിംഗ്, ടൈൽ വർക്ക്, പെയിന്റിംഗ് എന്നിവ നടത്തുകയും വാതിൽ പിടിപ്പിക്കുന്നതും വൈദ്യുതീകരണവും | വനിതാ ഉല്പന്ന വിപണനകേന്ദ്രം നിർമ്മിക്കുന്നതിന് മണ്ണ് കുഴിച്ചെടുക്കൽ, കോൺക്രീറ്റിംഗ്, ട്രസ് വർക്ക്-അലുമിനിയം ഷീറ്റ് റൂഫിംഗ് |
| ചെയ്തു | കെട്ടിടത്തിന്റെ | അങ്കണവാടി |

| | | |
|---|---|---|
| പ്രവൃത്തി | പ്ലാസ്റ്ററിംഗ്, ടൈൽ വർക്ക്, പെയ്ന്റിംഗ് | പ്രവർത്തിക്കുന്ന കെട്ടിടത്തിന് സ്റ്റെയർകേസ് ഉൾപ്പെടെ ട്രസ് വർക്ക്-അലുമിനിയം ഷീറ്റ് റൂഫിംഗ് |

മേൽപ്പറഞ്ഞ പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹിച്ച വനിതാ ഉല്പന്ന വിപണനകേന്ദ്രങ്ങളുടെ നിർമ്മാണം, അനുബന്ധപ്രവർത്തനങ്ങൾ എന്നീ പ്രോജക്ടുകളുമായി ബന്ധപ്പെട്ട് ഓഡിറ്റ് നടത്തിയ സ്ഥലപരിശോധനയിൽ പ്രോജക്ടുകൾ ലക്ഷ്യം കൈവരിക്കുന്നില്ലാത്തതായി കണ്ടു. ഉല്പന്നങ്ങളുടെ വിപണനത്തിന് യാതൊരു സാധ്യതയും ഇല്ലാത്ത പ്രദേശങ്ങളിൽ ഇത്തരം പ്രോജക്ടുകൾ ആവിഷ്കരിച്ച് കെട്ടിടനിർമ്മാണം നടത്തുന്നത് പഞ്ചായത്ത് ഫണ്ടിന്റെ ദുരുപയോഗമാണ്.

ഇടമല അങ്കണവാടി, ഗ്രാമകേന്ദ്രം എന്നിവ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ മുകൾനില ഇടമല വനിതാ ഉല്പന്നവിപണനകേന്ദ്രം എന്ന നിലയിൽ ക്രമീകരിക്കുന്നതിന് പ്ലാസ്റ്ററിംഗ്, ടൈൽ വർക്ക്, പെയ്ന്റിംഗ്, വാതിൽ ഘടിപ്പിക്കുക എന്നീ സിവിൽ വർക്കുകൾ നടത്തിയിട്ടുണ്ടെങ്കിലും വൈദ്യുതീകരണം നടത്തുകയോ ഉല്പന്നവിപണനകേന്ദ്രം എന്ന നിലയിൽ പ്രവർത്തനക്ഷമമാക്കുകയോ ചെയ്തിട്ടില്ല. പട്ടികവർഗ ഉപപദ്ധതി വിഹിതം പാഴാകുന്നത് ഒഴിവാക്കുന്നതിനും പട്ടികവർഗ യുവതികൾക്ക് സാമൂഹ്യ-സാമ്പത്തികവികസനവും വരുമാനവർദ്ധനവും ഉറപ്പുവരുത്തുന്നതിനും ടി കെട്ടിടം പ്രയോജനപ്രദമാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

തിടനാട് ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡിൽ കൊണ്ടൂർ എന്ന സ്ഥലത്ത് വനിതാ ഉല്പന്ന വിപണനകേന്ദ്രം നിർമ്മിക്കുന്നതിന് മണ്ണ് കുഴിച്ചെടുക്കൽ, കോൺക്രീറ്റിംഗ്, ട്രസ് വർക്ക്-അലുമിനിയം ഷീറ്റ് റൂഫിംഗ് എന്നിവ ആയിരുന്നു ഉദ്ദേശിച്ചതെങ്കിലും കൊണ്ടൂർ അങ്കണവാടി പ്രവർത്തിക്കുന്ന കെട്ടിടത്തിന് സ്റ്റെയർകേസ് ഉൾപ്പെടെ ട്രസ് വർക്ക്-അലുമിനിയം ഷീറ്റ് റൂഫിംഗ് മാത്രമാണ് ചെയ്തതെന്ന് സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. അങ്കണവാടി കെട്ടിടത്തിന് റൂഫിംഗ് നടത്തുന്നതിന് ഉല്പാദനമേഖലയിൽ തുക വകയിരുത്തി പ്രോജക്ട് നിർവഹണം നടത്തിയത് പദ്ധതി മാർഗരേഖയുടെ ലംഘനമാണ്. ആയതിനാൽ പ്രോജക്ടുകൾ ആവിഷ്കരിക്കുമ്പോൾ ആയതിന്റെ പ്രായോഗികക്ഷമത സംബന്ധിച്ച സാധ്യത ഉറപ്പുവരുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ പ്രോജക്ടുകൾ പ്രകാരമുള്ള ഭൗതീക ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതിനാൽ തൻവർഷത്തെ അതാത് പ്രോജക്ടുകൾ പ്രകാരമുള്ള ചെലവ് തുകയായ 700,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-16 തൻവർഷത്തെ ഇ-ടെണ്ടർ ഫീ ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് വരവ് വന്നിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2022-23 വർഷം ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ പ്രവൃത്തികളുടെ ടെൻഡർ ഫീസ് ജില്ലാ പഞ്ചായത്തിൽനിന്ന് നാളിതുവരെ ലഭിച്ചിട്ടില്ല. മുൻവർഷങ്ങളിൽ ടെൻഡർ ഫീസ് ലഭിക്കാത്തതു സംബന്ധിച്ച് ഓഡിറ്റിൽ പരാമർശിച്ചതിനെ തുടർന്ന് 19.1.2023ൽ 343004/- രൂപ ടിയിനത്തിൽ ലഭിച്ചിട്ടുണ്ട്. ടിയിനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ച തുകകളുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ, ഫീസ് ക്രെഡിറ്റ് ചെയ്യുന്ന ബാങ്ക് അക്കൗണ്ടിന്റെ നമ്പർ, സ്റ്റേറ്റ്മെന്റ് എന്നിവ ഓഡിറ്റിൽ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ തനത് വരുമാനമായ

ടെൻഡർ ഫീസ് സംബന്ധിച്ച വർഷം തിരിച്ചുള്ള കണക്കുകൾ തയ്യാറാക്കി, ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുവാൻ അവശേഷിക്കുന്ന തുക ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-17 GST – TDS ഫയലിംഗ് ചാർജ്ജിനത്തിൽ 24,000/- രൂപയുടെ ചെലവിൽ വ്യക്തതയില്ല**

ഈരാറ്റുപേട്ട LID&EW സബ് ഡിവിഷൻ ഓഫീസിലെ, 2019-2020 & 2020-2021 വർഷങ്ങളിലെ GST – TDS ഫയലിംഗ് ചാർജ്ജിനത്തിൽ 24,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം. | 40/2022-23 |
| പ്രോജക്റ്റ് | എൽ. എസ്. ജി. ഡി സബ് ഡിവിഷൻ ഓഫീസ് ദൈനംദിന ചെലവുകൾ |
| ഫണ്ട് | സംരക്ഷണ ഗ്രാന്റ് – നോൺ റോഡ്<br>അടങ്കൽ : 3,00,000/-<br>ചെലവ് : 2,97,796/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എൽ. എസ്. ജി. ഡി |
| ബിൽ നം. | 28/2022-23/09.01.2023 : 24,000/- |

പന്തലാനിക്കൽ ടാക്സ് അസ്സോസിയേറ്റ്സിന്റെ PTA3/09.05.2022 : 12,000/- & PTA26/14.06.2022 : 12,000/- നം. ഇൻവോയ്സുകൾ പ്രകാരമാണ് തുക ചെലവഴിച്ചിട്ടുള്ളത്. പെൻഡിംഗ് പീരിയഡ് ഫയൽ ചെയ്തപ്പോൾ, ടി തുകയിൽ പിഴപ്പലിശ ഉൾപ്പെട്ടിട്ടുണ്ടോയെന്നതും, സമയബന്ധിതമായി ടാക്സ് ഫയലിംഗ് നടത്താതിരുന്നതിനുള്ള സാഹചര്യം സംബന്ധിച്ചും, പന്തലാനിക്കൽ ടാക്സ് അസ്സോസിയേറ്റ്സ് എന്ന സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ [A/c N0 : 99980100364798, ഫെഡറൽ ബാങ്ക്-കാഞ്ഞിരപ്പള്ളി] ലഭ്യമായിരുന്നിട്ടും, തുക ബന്ധപ്പെട്ട സ്ഥാപനത്തിന്റെ അക്കൗണ്ടിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാതെ, ശ്രീ. ബേസിൽ മാത്യു എന്നയാളുടെ 20191710046 നം. പേഴ്സണൽ അക്കൗണ്ടിൽ [IFSC:SBIN0016893] ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുവാനുണ്ടായ സാഹചര്യം സംബന്ധിച്ചും വ്യക്തതയില്ല. വിഷയം സംബന്ധിച്ച് വിശദമായ മറുപടി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**1-18 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന ആളുകൾക്ക് അവരുടെ വീടിനോട് ചേർന്ന് പ്രത്യേക മുറി നിർമ്മിച്ചു നൽകൽ - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല**

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന ആളുകൾക്ക് അവരുടെ വീടിനോട് ചേർന്ന് പ്രത്യേക മുറി നിർമ്മിച്ചു നൽകൽ (പ്രോജക്റ്റ് നമ്പർ 93/23) എന്ന പ്രോജക്റ്റ് പ്രകാരം ധനസഹായം കൈപ്പറ്റിയ മൂന്ന് ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു. ഒരു ഗുണഭോക്താവിന് 2 ലക്ഷം രൂപ വീതം വകയിരുത്തിയാണ് പ്രോജക്റ്റ് തയ്യാറാക്കിയിട്ടുള്ളത്. ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താക്കളുടെ വിവരം | കൈപ്പറ്റിയ തുക | ബിൽ നമ്പർ തീയതി |
|---|---|---|

| | | |
|---|---|---|
| ജോമേഷ് ജോർജ്, പെരുമാപ്പറമ്പിൽ കളത്തൂക്കടവ് | 50000<br>75000 | 201/ 6.2.23<br>321/17.3.23 |
| ഷീന കുര്യാക്കോസ്, പൂരയിടത്തിൽ വെള്ളികുളം | 50000<br>75000 | 239/ 23.2.23<br>291/ 9.3.23 |
| അനീറ്റ ജോയി തെക്കേൽ കാളകെട്ടി | 50000<br>75000 | 274/ 3.3.23<br>B30/22/ 20.3.23 |

മേൽ പ്രസ്താവിച്ച ഗുണഭോക്താക്കൾ പ്രത്യേക മുറി നിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/22-23/03.07.23 ന് ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്ട് 2023-24 വർഷം സ്പിൽ ഓവറായി നടന്നുവരുന്നു എന്ന് അറിയിച്ചിട്ടുണ്ട്. പ്രോജക്ട് പൂർത്തീകരിക്കുന്ന മുറയ്ക്ക് വിശദാംശങ്ങൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-19 വീടുകളുടെ പുനരുദ്ധാരണം - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ വീടുകളുടെ പുനരുദ്ധാരണം (പ്രോജക്ട് നമ്പർ 90/23 ) എന്ന പ്രോജക്ട് പ്രകാരം ധനസഹായം കൈപ്പറ്റിയ 2 ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താക്കളുടെ വിവരം | കൈപ്പറ്റിയ തുക | ബിൽ നമ്പർ തീയതി |
|---|---|---|
| സരസമ്മ കുന്നാനിക്കൽ പൂഞ്ഞാർ | 50000 | 30/22/ 3.3.23 |
| സി.എസ്.സുരേഷ്കുമാർ വട്ടത്തോട്ടത്തിൽ മൂന്നിലവ് | 50000 | 302/ 13.3.23 |

മേൽ പ്രസ്താവിച്ച 2 ഗുണഭോക്താക്കളും വീടുകളുടെ പുനരുദ്ധാരണം പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/22-23/ 03.07.23 ന് ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്ട് 2023-24 വർഷം സ്പിൽ ഓവറായി നടന്നുവരുന്നു എന്ന് അറിയിച്ചിട്ടുണ്ട്. പ്രോജക്ട് പൂർത്തീകരിക്കുന്ന മുറയ്ക്ക് വിശദാംശങ്ങൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-20 പൂർത്തീകരണ വിനിയോഗ വിവരങ്ങൾ ലഭ്യമല്ല

2022-23 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളുടെ ഫയലിൽ പ്രോജക്ടിന്റെ പൂർത്തീകരണ വിനിയോഗ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ പേര് | ഒടുക്കിയ തുക | ബിൽ നമ്പർ തീയതി | തുക ഒടുക്കിയ സ്ഥാപനം |
|---|---|---|---|---|
| 1 | 150/23 തലനാട് | 408000 | 297/10.3.23 | ഗ്രൗണ്ട് വാട്ടർ |

| | | | | | |
|---|---|---|---|---|---|
| | | ഡിവിഷനിലെ വിവിധ വാർഡുകളിൽ കുഴൽ കിണർ നിർമ്മാണം | | | ഡിപ്പാർട്ട്മെന്റ് |
| | 2 | 80/23 ലൈഫ് ഭവന പദ്ധതി ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 1170950 | 323/ 22.3.23 | മേലുകാവ് ഗ്രാമ പഞ്ചായത്ത് 158000 തീക്കോയി ഗ്രാമ പഞ്ചായത്ത് 690000 പൂഞ്ഞാർ ഗ്രാമ പഞ്ചായത്ത് 322950 |
| | 3 | 126/23മൂന്നിലവ് ഗ്രാമ പഞ്ചായത്ത് വാർഡ് 8 ഫ്രണ്ട്സ് കോളനിയിൽ കുഴൽ കിണർ നിർമ്മാണവും മോട്ടോർ സ്ഥാപിക്കലും അനുബന്ധ പ്രവർത്തനങ്ങളും ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | 200000 (വികസനഫണ്ട്) 50000 (തനത് ഫണ്ട് | 58/28.2.23 2401684/24.3.23 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് |
| | 4 | 33/23 പൂഞ്ഞാർ തെക്കേക്കര ഗ്രാമ പഞ്ചായത്ത് പയ്യാനിത്തോട്ടം മങ്കുഴിക്കുന്ന് കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കൽ ഗ്രാമ പഞ്ചായത്തിന് | 200000 (ധന. ഗ്രാന്റ്) | XVFC/22-23/P31/ 13.1.23 | പൂഞ്ഞാർ തെക്കേക്കര ഗ്രാമ പഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| | വിഹിതം നൽകൽ | | | |
| 5 | 34/23 പൂഞ്ഞാർ തെക്കേക്കര ഗ്രാമ പഞ്ചായത്ത് കുന്നോന്നി പമ്പ് ഹൗസ് മെയിന്റനൻസും വാട്ടർടാങ്ക് നിർമ്മാണവും ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | 417490 (ധന. ഗ്രാന്റ്) | XVFC/22-23 /P26/3.10.22 | പൂഞ്ഞാർ തെക്കേക്കര ഗ്രാമ പഞ്ചായത്ത് |
| 6 | 35/23 തീക്കോയി പി.എച്ച്.സി, പൂഞ്ഞാർ തെക്കേക്കര ആയുർവേദ ആശുപത്രി എന്നിവിടങ്ങളിൽ ഇൻസിനറേറ്റർ സ്ഥാപിക്കൽ ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | 200000 (ധന. ഗ്രാന്റ്) | XVFC/22-23 /P27/18.10.22 | തീക്കോയി ഗ്രാമ പഞ്ചായത്ത് 100000/ പൂഞ്ഞാർ തെക്കേക്കര ഗ്രാമ പഞ്ചായത്ത് 100000/ |
| 7 | 95/23 പൂഞ്ഞാർ ഡിവിഷൻ- പൂഞ്ഞാർ ഗ്രാമ പഞ്ചായത്ത് വാർഡ് 7 പുളിക്കപ്പാലം, വാർഡ് 2 ചെമ്മരപ്പള്ളി ഭാഗം എന്നിവിടങ്ങളിൽ മിനി മാസ്റ്റ് സ്ഥാപിക്കൽ ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | 323106 (വികസനഫണ്ട്) | 227/7/3/23 | പൂഞ്ഞാർ ഗ്രാമ പഞ്ചായത്ത് |
| 8 | 98/23 കല്ലേക്കുളം ഡിവിഷൻ പൂഞ്ഞാർ ടൗൺ | 500000 (ധന. ഗ്രാന്റ്) | XVFC/22-23 /P219/ 20.2.23 | പൂഞ്ഞാർ തെക്കേക്കര ഗ്രാമ |

| | | | | |
|---|---|---|---|---|
| | വാർഡ് അങ്കണവാടി നിർമ്മാണം ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | | | പഞ്ചായത്ത് |
| 9 | 125/23 മൂന്നിലവ് ഗ്രാമ പഞ്ചായത്ത് കാടനാട് പഞ്ചായത്ത് കിണർ റോഡ് കോൺക്രീറ്റിംഗ് ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | 400000 (വികസനഫണ്ട്) | 331/27.3.23 | മൂന്നിലവ് ഗ്രാമ പഞ്ചായത്ത് |
| 10 | 128/23 പൂഞ്ഞാർ ഗ്രാമ പഞ്ചായത്ത് വാർഡ് 8 കാരക്കൊമ്പിൽ വാതിൽ പുതുപ്പറമ്പിൽ റോഡ് കോൺക്രീറ്റിംഗ് ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | 400000 (വികസനഫണ്ട്) | 310/27.3.23 | പൂഞ്ഞാർ ഗ്രാമ പഞ്ചായത്ത് |
| 11 | 146/23ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിലേക്ക് ബയോമെടിക് പഞ്ചിംഗ് മെഷീൻ വാങ്ങൽ | 26877 (വികസനഫണ്ട്) | 326/18.03.23 | കെൽട്രോൺ |
| | ആകെ | | 4296423 | |

മേൽ പ്രസ്താവിച്ച പ്രോജക്കുകളുടെ വിനിയോഗ പൂർത്തീകരണ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 8/22-23/03.07.23 ന് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ 4296423/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-21 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക ചെലവഴിച്ചത്- പ്രവൃത്തി പൂർത്തിയാക്കി**

<u>വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല</u>

ഓഡിറ്റ് വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പ്രോജക്ടുകൾ പ്രകാരം ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് ഭൂജല വകുപ്പ്, കോട്ടയം ജില്ലാ ഓഫീസിന് ആകെ 122000/-രൂപ മുൻകൂറായി നൽകിയിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തിയായതിന്റെ വിശദാംശങ്ങൾ, വിനിയോഗവിവരങ്ങൾ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല. തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ട് നമ്പർ/ പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ബിൽ നമ്പർ – തീയതി |
|---|---|---|
| 17/23 മേലുകാവ് -കളത്തികണ്ടം കുടിവെള്ള പദ്ധതി - കുഴൽകിണർ നിർമ്മാണം | 56000/- | (XVFC/22-23/ P-36/24.03.2023 ധന. കമ്മീ.ഗ്രാന്റ് |
| 100/23 പൂഞ്ഞാർ - ചോലത്തടം അണങ്ങൻപടി താഴ്ഭാഗം കുടിവെള്ള പദ്ധതി | 66000/- | വികസനഫണ്ട് ജനറൽ |
| ആകെ | 122000/-രൂപ | |

പ്രവൃത്തിയുടെ പൂർത്തീകരണം, തുകയുടെ വിനിയോഗം എന്നിവ സംബന്ധിച്ച വിവരങ്ങൾ വിശദമായ മൂല്യനിർണ്ണയ സാക്ഷ്യപത്രം, മോണിറ്ററിങ്ങ് കമ്മറ്റി റിപ്പോർട്ട് എന്നിവ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

<u>**1-22 ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല**</u>

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ. എസ്. ജി. ഡി നിർവ്വഹണ ഉദ്യോഗസ്ഥനായി ഏറ്റെടുത്ത വിവിധ പ്രോജക്ടുകൾ പ്രകാരം എൽഎസ്ജിഡി സബ് ഡിവിഷൻ ഓഫീസിന്റെ ദൈനംദിന ചെലവുകൾക്കായി തുക ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം. | 40/2022-23 |
| ഫണ്ട് | സംരക്ഷണ ഗ്രാന്റ് – നോൺ റോഡ്<br>അടങ്കൽ : 3,00,000/-<br>ചെലവ് : 2,97,796/- |

1) <u>ഓഫീസ് ഫർണിച്ചർ – വാങ്ങൽ – സ്റ്റോക്ക് വിവരങ്ങൾ ലഭ്യമല്ല</u>

ഈരാറ്റുപേട്ട LID&EW സബ് ഡിവിഷൻ ഓഫീസിലേയ്ക്ക് ഫർണീച്ചർ വാങ്ങിയതിന്റെ ഭാഗമായി 37,250/- രൂപ ശ്രീ. എൻ.എ. മുഹമ്മദ് ഹറൂൺ, പുതുപ്പറമ്പിൽ ഏജൻസീസ്, ഈരാറ്റുപേട്ട എന്നയാളുടെ 720101010050011 (IFSC : UBIN0572012) നം. അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട് (ബിൽ നം.23/22-23/06.12.2022). എന്നാൽ, ചെലവിന് ആധാരമായ ടാക്സ് ഇൻവോയ്സ്, ഫർണീച്ചർ കാര്യാലയത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി കാര്യാലയമേധാവി അധികൃതമാക്കിയതിന്റെ രേഖകൾ, ക്വട്ടേഷൻ വിശദാംശങ്ങൾ, ബന്ധപ്പെട്ട ഭരണസമിതി തീരുമാനം തുടങ്ങിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

**2) എൽ. എസ്. ജി. ഡി സബ് ഡിവിഷൻ ഓഫീസ് മറ്റ് ദൈനംദിന ചെലവുകൾ – അനുബന്ധ രേഖകൾ ലഭ്യമല്ല**

എൽ. എസ്. ജി. ഡി സബ് ഡിവിഷൻ ഓഫീസ് ദൈനംദിന ചെലവുകളുടെ ഭാഗമായി ചുവടെ ചേർക്കുന്ന ചെലവ് തുകകൾക്ക് ആധാരമായ ട്രഷറി ബിൽ, പ്രൊസീഡിംഗ്സ്, ടാക്സ് ഇൻവോയ്സുകൾ, മറ്റ് അനുബന്ധ ചെലവ് രേഖകൾ തുടങ്ങിയവ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ബിൽ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം. / തീയതി | തുക |
|---|---|---|
| 1) | 19/2022-23/21.11.2022 | 5250 |
| 2) | 43/2022-23/10.03.2023 | 16610 |
| 3) | 38/2022-23/04.03.2023 | 2000 |
| 4) | 31/2022-23/03.02.2023 | 7850 |
| 5) | 30/2022-23/20.01.2023 | 2300 |
| 6) | 29/2022-23/13.01.2023 | 3520 |
| | ആകെ | 37530 |

**3) എൽ. എസ്. ജി. ഡി സബ് ഡിവിഷൻ ഓഫീസ് - വാഹനം വാടകയ്ക്ക് ലഭ്യമാക്കിയത് – അനുബന്ധ രേഖകൾ ലഭ്യമല്ല**

| പ്രോജക്റ്റ് നം. | 39/2022-23 |
|---|---|
| ഫണ്ട് | സംരക്ഷണ ഗ്രാന്റ് – നോൺ റോഡ്<br>അടങ്കൽ : 3,00,000/-<br>ചെലവ് : 3,00,000/- |

എൽ. എസ്. ജി. ഡി സബ് ഡിവിഷൻ ഓഫീസിലേയ്ക്ക് വാഹനം വാടകയ്ക്ക് ലഭ്യമാക്കിയതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന ചെലവ് തുകകൾക്ക് ആധാരമായ ട്രഷറി ബിൽ, പ്രൊസീഡിംഗ്സ്, ട്രിപ് ഷീറ്റ്, മറ്റ് അനുബന്ധ ചെലവ് രേഖകൾ തുടങ്ങിയവ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ബിൽ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം. / തീയതി | തുക |
|---|---|---|
| 1) | 24/2022-23/14.12.2022 | 24984 |
| 2) | 37/2022-23/04.03.2023 | 24984 |
| | ആകെ | 49968 |

ചെലവ് രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [14/03.07.2023, 15/03.07.2023 & 16/03.07.2023] മറുപടി ലഭ്യമായിട്ടില്ല. ആയതിനാൽ ക്രമ നം. 1, 2, & 3 ഉൾപ്പെടെ, ആകെ 1,24,748/- (37250+37530+49968) രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-23 പി.എം.എ.വൈ ഭവനനിർമ്മാണ പ്രോജക്ടുകളുടെ അവലോകനം**

2022-23 സാമ്പത്തിക വർഷം പി.എം.എ.വൈ ഭവനനിർമ്മാണം സംബന്ധിച്ച് നടപ്പാക്കിയ

പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ പേര് | വകയിരുത്തൽ | ചെലവ് |
|---|---|---|---|
| 1 | 82/23 പി.എം.എ.വൈ വീടുകൾക്ക് അധിക ധനസഹായം ബ്ലോക്ക് വിഹിതം നൽകൽ ജനറൽ | വികസന ഫണ്ട് 1923100<br>കേന്ദ്രാവിഷ്കൃത ഫണ്ട് 4440000<br>മറ്റ് ഗ്രാമ പഞ്ചായത്തുകൾ- 3410200<br>ജില്ലാ പഞ്ചായത്ത് 3234000 | 1012000<br>-<br>-<br>- |
| 2 | 32/23പി.എം.എ.വൈ വീടുകൾക്ക് അധിക ധനസഹായം ബ്ലോക്ക് വിഹിതം നൽകൽ | കേന്ദ്രാവിഷ്കൃത ഫണ്ട് 4920000<br>തനത് ഫണ്ട് 4704000<br>മറ്റ് ഗ്രാമ പഞ്ചായത്തുകൾ- 2870000<br>ജില്ലാ പഞ്ചായത്ത് 4018000 | -<br>2554000 |
| 3 | 85/23 പി.എം.എ.വൈ വീടുകൾക്ക് അധിക ധനസഹായം ബ്ലോക്ക് വിഹിതം നൽകൽ 'ടി.എസ്.പി | ടി.എസ്.പി 128000<br>കേന്ദ്രാവിഷ്കൃത ഫണ്ട് 720000<br>മറ്റ് ഗ്രാമ പഞ്ചായത്തുകൾ 440600<br>ജില്ലാ പഞ്ചായത്ത് 588000 | 128000 |
| 4 | 136/23 പി.എം.എ.വൈ ലൈഫ് ടി.എസ്.പി | 523400 | 523400 |
| 5 | 54/23 പി.എം.എ.വൈ വീടുകൾക്ക് അധിക ധനസഹായം ബ്ലോക്ക് | എസ്. സി.പി 256000<br>കേന്ദ്രാവിഷ്കൃത | 256000 |

| | | | |
|---|---|---|---|
| | വിഹിതം നൽകൽ എസ്. സി.പി | ഫണ്ട് 840000<br>മറ്റ് ഗ്രാമ പഞ്ചായത്തുകൾ 420600<br>ജില്ലാ പഞ്ചായത്ത് 686000 | |

2021-22 സാമ്പത്തിക വർഷം ആരംഭിച്ച പ്രോജക്ടിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിനാണ് മേൽ പ്രസ്താവിച്ച പ്രോജക്ടുകൾ ആവിഷ്ക്കരിച്ചത്. പ്രോജക്ടിന്റെ വിശകലനം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താക്കൾ ഉൾപ്പെട്ട വിഭാഗം | ആകെ ഗുണഭോക്താക്കൾ | പൂർത്തീകരിച്ചത് | പൂർത്തീകരിക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|
| ജനറൽ | 16 | 14 | 2 |
| എസ്.സി.പി | 18 | 15 | 3 |
| റ്റി.എസി.പി | 6 | 5 | 1 |
| ആകെ | 40 | 34 | 6 |

നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്ന 6 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സബ്സിഡി മാർഗരേഖയിൽനിന്ന് വ്യതിചലിച്ച് അധികമായി അനുവദിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു

വ്യവസായ വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി തൻവർഷം ഏറ്റെടുത്ത വനിതാ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി നൽകൽ എന്ന പ്രോജക്ട് പ്രകാരം മാർഗരേഖ വ്യവസ്ഥകൾ പാലിക്കാതെ അധിക സബ്സിഡി നൽകിയിട്ടുണ്ട്. സബ്സിഡി മാർഗരേഖ സ.ഉ.(കൈ) നം.115/2022/ത.സ്വ.ഭ.വ.തീയതി 28..05.2022 ഖണ്ഡിക 6-5-4 പ്രകാരം സ്വയം തൊഴിൽ (സ്ത്രീകളുടെ മാത്രം ഗ്രൂപ്പ് സംരംഭങ്ങൾക്ക്) എല്ലാ വിഭാഗങ്ങൾക്കും നൽകാവുന്ന പരമാവധി സബ്സിഡി തുക 375000 (പ്രോജക്ട് ചെലവിന്റെ 75%) രൂപയാണ്. എന്നാൽ പ്രോജക്ട് ചെലവിന്റെ 75% എന്ന പരിധിയ്ക്കു വിധേയമായി തുക അനുവദിക്കുന്നതിനു പകരം അധികം തുക സബ്സിഡിയായി

അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| യൂണിറ്റ് | പ്രോജക്ട് ചെലവ് | സബ്സിഡി | | |
|---|---|---|---|---|
| | | അർഹമായത് | അനുവദിച്ചത് | അധികം നൽകിയത് |
| പ്രതിഭ ടെയ്‌ലറിംഗ് യൂണിറ്റ്, തിടനാട് | 102355 | 76766 | 125000 | 48234 |
| രുചി ഫുഡ്സ്, തലനാട് | 158698 | 119024 | 125000 | 5976 |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/03.07.23 ന് ഓഡിറ്റ് വേളയിൽ മറുപടി ലഭ്യമാക്കിയിരുന്നില്ല. എന്നാൽ തുടർന്ന് ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ ബി-1185/23 നമ്പർ കത്തിനൊപ്പം ഉൾപ്പെടുത്തിയിരുന്ന ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസറുടെ മറുപടിയിൽ പ്രവർത്തന മൂലധന വിനിയോഗം പൂർത്തിയാക്കി ബില്ലുകൾ സമർപ്പിക്കുന്നതിന് സ്ഥാപനത്തിന് രേഖാമൂലം നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയിൽ നിന്ന് വ്യതിചലിച്ച് അധികമായി അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്. സബ്സിഡി മാർഗ്ഗരേഖ അധികരിച്ച് നൽകിയ 54010/- രൂപയുടെ (48234+5976) ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത അധിക ചെലവിന് ഈ റിപ്പോർട്ടിലെ ഖണ്ഡിക 4-10 (ബി)യിൽ പേര് പരാമർശിക്കുന്ന ഉദ്യോഗസ്ഥ ബാധ്യതപ്പെട്ടിരിക്കുന്നു. (വിശദാംശങ്ങൾക്ക് ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-11 കാണുക. പ്രസ്തുത ഖണ്ഡിക മേൽ പരാമർശത്തിന്റെ ഭാഗമായി പരിഗണിക്കേണ്ടതാണ്).

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2022-23 | 01.07.2023 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2554000 | പി എം എ വൈ വീടുകൾക്ക് അധിക ധനസഹായം ബ്ലോക്ക് വിഹിതം നൽകൽ (പ്രൊജക്ട് നം 32/23) | 2554000 | 0 |
| | 500000 | കറവ പശുക്കൾക്ക് കാലിതീറ്റ സബ്സിഡി (പ്രൊജക്ട് നം.85/23) | 500000 | 0 |
| ആകെ | 3054000 | | 3054000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽനമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്മെന്റ് | 150/22-23 തലനാട് ഡിവിഷനിലെ വിവിധ വാർഡുകളിൽ കുഴൽ കിണർ നിർമ്മാണം | 297/10.3.23 | 408000 | 0 | 408000 |
| | 126/22-23 മൂന്നിലവ് ഗ്രാമ പഞ്ചായത്ത് വാർഡ് 8 ഫ്രണ്ട്സ് കോളനിയിൽ കുഴൽ കിണർ നിർമ്മാണവും മോട്ടോർ സ്ഥാപിക്കലും അനുബന്ധ | 58/28.2.23 | 250000 | 0 | 250000 |

| | | | | | |
|---|---|---|---|---|---|
| | പ്രവർത്തനങ്ങളും ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | | | | |
| | 17/22-23 മേലുകാവ് - കളത്തിക്കണ്ടം കുടിവെള്ള പദ്ധതി -കുഴൽ കിണർ നിർമ്മാണം | WVFC/22-23/ P-36/28.0.23 | 56000 | 0 | 56000 |
| | 100/22-23 പൂഞ്ഞാർ തെക്കേക്കര - ചോലത്തടം അണങ്ങൻപടി താഴ്ഭാഗം കുടിവെള്ള പദ്ധതി | 45/20.03.2023 | 66000 | 0 | 66000 |
| കെൽട്രോൺ | 146/22- 23 ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിലേക്ക് ബയോമെട്രിക് പഞ്ചിംഗ് മെഷീൻ വാങ്ങൽ | 326/18/ 03.02.23 | 26877 | 0 | 26877 |
| ആകെ | | | 806877 | 0 | 806877 |

**4-4 മൊബിലൈസേഷൻ അഡ്വാൻസ്**

സാമ്പത്തിക വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

**4-5 വായ്പ/വായ്പാതിരിച്ചടവ്**

2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക, 31/03/2022 ലെ ബാലൻസ് ഷീറ്റ് എന്നിവ പ്രകാരം വായ്പയിനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ബാധ്യതയില്ല.

**4-6 സ്ഥിര നിക്ഷേപം**

2022-23 വർഷത്തെ ധനകാര്യ പത്രിക 31.03.2023 ബാലൻസ് ഷീറ്റ് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങൾ ഇല്ല.

**4-7 ഓഡിറ്റ് റിക്കവറി**

2022-23 വർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ തുകകളൊന്നും ലഭിച്ചിട്ടില്ല.

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ**

ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ

തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 3(6) | 2007-08 | 3-34-1 | എസ്.എൻ. ബാലവാടി ചൊവ്വൂർ റോഡ് പുനരുദ്ധാരണ പ്രവൃത്തിയിലെ ക്രമക്കേടുകൾ | - |
| 2005-06 | 3(6), 3(7), 3(8) | 2007-08 | 3-34-2 | നബാർഡ് സഹായത്തോടുകൂടി ഏറ്റെടുത്ത റോഡ് നിർമ്മാണ പ്രവൃത്തികൾ- ഗുരുതരമായ അപാകതകൾ | - |

**4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം**

ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്ജ്/സർച്ചാർജ്ജ് നടപടികൾ പ്രകാരം തുകയൊന്നും ഈടാക്കിയിട്ടില്ല. നിലവിൽ സർച്ചാർജ്ജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് ഉൾപ്പെടെ] (റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | : | 72,685,548 |
| ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം) | : | 53,528,261 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | : | 64,566,986 |
| ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം) | : | 62,594,653 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 54,010 |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 7,892,823 |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 (1-11(4) | -- | 54,010 | ശ്രീമതി നിഷാമോൾ എ.വി., ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ, ഈരാറ്റുപേട്ട ബ്ലോക്ക് |
| **ആകെ** | | **54,010** | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11(2) | 129,500 | ശ്രീമതി നിഷാമോൾ എ.വി., ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ |
| 1-11(3) | 125,000 | ശ്രീമതി നിഷാമോൾ എ.വി., ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ |
| 1-11(4) | 195,990 | ശ്രീമതി നിഷാമോൾ എ.വി., ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ |
| 1-11(5) | 187,500 | ശ്രീമതി നിഷാമോൾ എ.വി., ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ |
| 1-11(6) | 133,450 | ശ്രീമതി നിഷാമോൾ എ.വി., ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ |
| 1-12 | 800,000 | ശ്രീമതി ജാസ്മിൻ കെ., സി.ഡി.പി.ഒ. |
| 1-13 | 425,212 | ഡോ.സരള എ.സി., മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |

| | | |
|---|---|---|
| 1-14 | 775,000 | ശ്രീ.സക്കീർ ഹുസൈൻ ഇബ്രാഹിം, സെക്രട്ടറി |
| 1-15 | 700,000 | വ്യക്തമായ സാധ്യതാ പഠനം കൂടാതെ പ്രോജക്ട് ഏറ്റെടുത്ത ഭരണസമിതി അംഗങ്ങൾ, നിർവ്വഹണോദ്യോഗസ്ഥരായ അസിസ്റ്റന്റ് എഞ്ചിനീയർമാർ എന്നിവർ (ശ്രീമതി ദയാ പുരുഷോത്തമൻ, ശ്രീ. ജയപ്രകാശ് ആർ.) |
| 1-20 | 4,296,423 | ശ്രീ.സക്കീർ ഹുസൈൻ ഇബ്രാഹിം, സെക്രട്ടറി |
| 1-22 | 124,748 | ശ്രീ.ബേസിൽ മാത്യ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| **ആകെ** | **7,892,823** | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി നിഷാമോൾ എ.വി., ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ, ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | കണ്ടമംഗലത്ത്, അരീക്കുഴ പി.ഒ., തൊടുപുഴ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 30/06/2023 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച

അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ്.കെ.പി2/886 /12/02.05.2013 | - |
| 2000-01 & 2001-02 | എൽ.എഫ്.കെ.പി2/886 /12/30.04.2013 | 6 |
| 2002-03 | എൽ.എഫ്.കെ.പി2/886 /12/30.04.2013 | - |
| 2003-04 | എൽ.എഫ്.കെ.പി2/886 /12/02.05.2013 | - |
| 2004-05 | എൽ.എഫ്.കെ.പി2/886 /12/30.04.2013 | - |
| 2005-06 | എൽ.എഫ്.കെ.പി2/886 /12/30.04.2013 | 9 |
| 2006-07 | എൽ.എഫ്.കെ.പി2/886 /12/02.05.2013 | 13 |
| 2007-08 | എൽ.എഫ്.കെ.പി2/886 /12/22.03.2013 | - |
| 2008-09 | എൽ.എഫ്.കെ.പി2/886 /12/22.03.2013 | - |
| 2009-10 | എൽ.എഫ്.കെ.പി2/886 /12/30.04.2013 | - |
| 2010-11 | കെ.എസ്.എ- കെ.ടി.എം.പി15/അദാ. /18/807(1)/18/07.05.2018 | 7 |
| 2011-12 | കെ.എസ്.എ- കെ.ടി.എം.പി15/അദാ. /18/807(2)/18/07.05.2018 | 11 |
| 2012-13 & 2013-14 | കെ.എസ്.എ- കെ.ടി.എം.പി15/അദാ. /18/807(3)/18/07.05.2018 | 8 |
| 2014-15 & 2015-16 | കെ.എസ്.എ- കെ.ടി.എം.പി15/അദാ. /18/807(4)/18/ 07.05.2018 | 9 |
| 2016-17 | കെ.എസ്.എ- | 9 |

| | | |
|---|---|---|
| | കെ.ടി.എം.പി.15/1533 /19/10.10.2019 | |
| 2017-18 | കെ.എസ്.എ- കെ.ടി.എം.പി.15/1416 /2019/03.10.2019 | 18 |
| 2018-19 | കെ.എസ്.എ- കെ.ടി.എം.പി15/778 /20/28.09.2020 | 14 |
| 2019-20 | കെ.എസ്.എ- കെ.ടി.എം.പി15/775 /2022/24.05.2022 | 11 |
| 2020-21 | കെ.എസ്.എ- കെ.ടി.എം.പി15/776 /2022/26.05.2022 | 25 |
| 2021-22 | കെ.എസ്.എ- കെ.ടി.എം.പി15/2593 /2022/26.05.2022 | 44 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം**

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 2(1) dated 20-06-2023 and submitted on 22-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Erattupetta Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Erattupetta Block Panchayat for the year 2022-2023

**Date: 06/10/2023** **Senior Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Erattupetta Block Panchayat for the Year 2022-2023.

### 1.Major Observations

NIL

### 2.Other Observations

1) Asset Register is not updated. Valuation process of assets and liabilities is not yet completed.
2) Authenticity in respect of the amount booked under the head Capital Work in Progress could not be verified.

3) Register in support of Government dues and other dues not maintained in support of corresponding schedule in the Balance Sheet.
4) The accuracy of Panchayat General Fund and capital contribution could not be verified in the absence of supporting basic documents.
5) The authenticity of accounting for depreciation of assets is not specified and supporting worksheet not maintained.
6) Appropriation Control Register (ACR) of Specific Purpose Grants, has not been maintained
7) Deposit register is not maintained in support of corresponding schedule in the balance sheet.
8) Advance register is not maintained in support of corresponding schedule in the balance sheet.
9) Omission-A zero balance bank account, has not been reflected in Annual Financial Statement (AFS)
10) Values as reflected in (B-4) schedule of the AFS, are not reconciled with the actuals.

SENIOR DEPUTY DIRECTOR
KERALA STATE AUDIT DEPT.
DISTRICT AUDIT OFFICE,KOTTAYAM

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്